# ആമുഖം

അക്കാദമിക രംഗത്ത് പുത്തനുണർവ് സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികളെയും അവരുടെ ചുറ്റുപാടുകളെയും മനസിലാക്കി കുട്ടികൾക്കായി വ്യത്യസ്ത പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് കുട്ടികളെ അവരുടെ കഴിവിന്റെ പരമാവധിയിലേക്ക് ഉയർത്തി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും ഏറെ സഹായകമായ ഒന്നാണ് അക്കാദമിക മാസ്റ്റർ പ്ലാൻ . അനുദിനം മാറി ക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും , ധാരണകളും, മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സമൂഹത്തിന്റെ പുരോഗതിയാണ് നാം ലക്ഷ്യം വെക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹനിർമിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകല്പന ചെയ്യുന്നതിൽ അക്കാദമിക മാസ്റ്റർ പ്ലാനിന് നിർണായക പങ്ക് വഹിക്കാൻ സാധിക്കും.

ഒരു പ്രദേശത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ വളർച്ചയിൽ അവിടുത്തെ വിദ്യാലയത്തിന് സുപ്രധാനമായ പങ്കാണുള്ളത്. അറിവിന്റെ അക്ഷര വെളിച്ചം വിതറുന്നു വിദ്യാലയവുമായി തലമുറകൾ കടപ്പെട്ടിരിക്കുന്നു. തലമുറകളെ അക്ഷര വെളിച്ചത്തിലേക്ക് നയിച്ച് പുഴിത്തോട് എന്ന മലയോര ഗ്രാമത്തിന്റെ തിലകക്കുറിയായി പ്രശോഭിക്കുന്ന ഐ.സി യു.പി സ്കൂൾ എന്ന വിദ്യാദീപം കൂടുതൽ പ്രകാശ പൂരിതമായി പ്രവർത്തിച്ച് മലയോര ജനതയുടെ സ്വപ്നങ്ങളും പ്രതീക്ഷകളും സാക്ഷാത്കരിക്കുവാൻ ഉതകുന്നതാകും ഈ അക്കാദമിക മാസ്റ്റർ പ്ലാൻ .

# ഉള്ളടക്കം


**അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് 1**

മലയാളം ........ 3 - 9
പരിസര പഠനം ........ 10 - 15
ഇംഗ്ലീഷ് ........ 16 - 20
ഗണിതം ........ 21 - 26

**അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് 2**

മലയാളം ........ 27 - 31
ഗണിതം ........ 32 - 35
ഇംഗ്ലീഷ് ........ 36 - 39

**അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് 3**

മലയാളം ........ 40 - 44
പരിസര പഠനം ........ 45 - 47
ഗണിതം ........ 48 - 51
ഇംഗ്ലീഷ് ........ 52 - 54

**അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് 4**

മലയാളം ........ 55 - 58
ഗണിതം ........ 59 - 61
ഇംഗ്ലീഷ് ........ 62 - 64
പരിസര പഠനം ........ 64 - 66

**അക്കാദമിക മാസ്റ്റർ പ്ലാൻ യു. പി**

മലയാളം ........ 67 - 72
ഇംഗ്ലീഷ് ........ 73 - 78
ഗണിതം ........ 79 - 82
അടിസ്ഥാന ശാസ്ത്രം ........ 83 - 87
സാമൂഹ്യ ശാസ്ത്രം ........ 88 - 95
ഹിന്ദി ........ 96 - 101

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1 - മലയാളം

# ആമുഖം

അറിവിന്റെ വെള്ളിവെളിച്ചത്തിലേക്ക് അനേകായിരങ്ങളെ കൈപിടിച്ചു നയിച്ച, പിന്നിട്ട വഴികളിൽ നിരവധി നാഴികക്കല്ലുകൾ താണ്ടിയ, ആറ് പതിറ്റാണ്ടുകളുടെ സേവന പാരമ്പര്യമുള്ള വിദ്യാലയം, ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ യു.പി. സ്കൂൾ – ഒരു കൊച്ചു മലയോര ഗ്രാമമായ പുഴിത്തോടിന്റെ മണ്ണിൽ തല ഉയർത്തി നിലകൊള്ളുന്നു.

ഏതാണ്ട് 60 വർഷങ്ങൾക്ക് മുമ്പ് വന്യമൃഗങ്ങളുടെ വിഹാരകേന്ദ്രമായിരുന്ന ഈ മേഖലയിൽ വിദ്യാഭ്യാസമെന്ന ആവശ്യത്തിന് അടുത്ത ഗ്രാമപ്രദേശമായ ചെമ്പനോടയെ ആശ്രയിക്കേണ്ട അവസ്ഥ സംജാതമായപ്പോൾ പുഴിത്തോടിന് സ്വന്തമായി ഒരു വിദ്യാലയം എന്ന ആവശ്യത്തിന് പിന്തുണ കൂടി വന്നു. 1966 ജൂൺ മാസം ഒന്നാം തിയ്യതി ഈ സ്ഥാപനം ഇവിടെ പിറവിയെടുത്തു. റവ. ഫാ. പോൾ കളപ്പുരയ്ക്കൽ അവറുകളാണ് ഈ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയത്. 1970 മെയ് 5ന് തലശ്ശേരി രൂപതയുടെ അഭിവന്ദ്യ മെത്രാൻ റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ വച്ച് പേരാമ്പ്ര ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന ശ്രീ. സി.എം. ബാലൻ നായർ പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം ഉദ്ഘാടനം നിർവ്വഹിച്ചു.

പ്രവർത്തനോത്മുകമായ ഈ വിദ്യാലയം അക്കാദമിക മേഖലയ്ക്ക് പുറമെ കലാ, കായിക. ശാസ്ത്ര ഗവേഷണ സർഗ്ഗാത്മക മേഖലയിലും തല ഉയർത്തി നിൽക്കുന്നു.

# ക്ലാസ്സ് – 1 മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികാസമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും, മാനസികവും, വൈകാരികവുമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത് പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും, ഗണിതത്തിലും, ശാസ്ത്രത്തിലും, ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാകാനും സമൂഹത്തിൽ വിദ്യാസമ്പന്നരായിമാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ ലിപി തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയ പദങ്ങൾ വാക്യങ്ങൾ എന്നിവ വായിക്കുന്നു. (ഗ്രാഫിക് വായന)<br>♦ എഴുതുന്നു<br>♦ ചിത്രങ്ങൾക്ക് നിറം നൽകുന്നു<br>♦ സചിത്രബുക്ക് | ♦ ചിത്രവായന<br>♦ നിറം നൽകൽ<br>♦ ചിത്ര കാർഡുകൾ<br>♦ സചിത്രബുക്ക് നിർമ്മാണം<br>♦ സംയുക്ത ഡയറി എഴുത്ത് | ♦ വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.<br>♦ ചിത്രങ്ങൾ വരച്ച് നൽകുന്നു. കുട്ടികൾ യോജിച്ച നിറം നൽകുന്നു.<br>♦ ചിത്രങ്ങൾ വരച്ച് ചിത്ര കാർഡുകൾ തയ്യാറാക്കുന്നു.<br>♦ മാതാപിതാക്കളുടെ സഹായത്തോടെ ഡയറി എഴുതുന്നു. | ജൂൺ - ജൂലൈ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ ചിത്രവായന നടത്തി പ്രമേയപരമായ ആശയങ്ങൾ പങ്കിടുന്നു<br>♦ താളത്തോടെ ചൊല്ലുന്ന കവിതകൾ കേട്ട് ആസ്വദിക്കൽ<br>♦ മഴയുമായി ബന്ധപ്പെടുന്ന ആശയങ്ങൾ പറഞ്ഞും വരച്ചും അഭിനയിച്ചും അവതരിപ്പിക്കൽ<br>♦ മറ്റുള്ളവരുടെ അനുഭവങ്ങൾ കേൾക്കുകയും സ്വന്തം അനുഭവങ്ങൾ പറയുകയും ചെയ്യുന്നു | ♦ സചിത്രബുക്ക് നിർമ്മാണം<br>♦ മഴപ്പാട്ടുകൾ ആലപിക്കൽ<br>♦ മഴയനുഭവങ്ങൾ, ചിത്രം വര<br>♦ അഭിനയം<br>♦ മഴയനുഭവ വിവരണം<br>♦ പാട്ടുകൾ ആസ്വദിക്കൽ | ♦ പാഠത്തിന് മുന്നൊരുക്കമായി അനുയോജ്യമായ ചിത്രങ്ങൾ വരച്ച് സചിത്ര ബുക്ക് നിർമ്മിക്കുന്നു<br>♦ പരിചിതമായ മഴപ്പാട്ടുകൾ ഒറ്റയ്ക്കും സംഘമായും പാടുന്നു<br>♦ മഴയനുഭവങ്ങൾ കുട്ടികൾ ചിത്രീകരിക്കുന്നു<br>♦ മഴക്കാല വിശേഷങ്ങൾ പങ്കുവയ്ക്കുന്നു<br>♦ മഴപ്പാട്ടുകൾ കേട്ട് ആസ്വദിക്കുന്നു | ആഗസ്ത് |
| ♦ വരച്ചും പറഞ്ഞും എഴുതിയും തന്റെ ആശയങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു<br>♦ കേട്ടതോ വായിച്ചതോ ആയ പാട്ടുകൾ ചൊല്ലുന്നു<br>♦ കവിത വായിച്ച് ആശയം, ഈണം, താളം ഇവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർക്കുന്നു | ♦ സചിത്രബുക്ക് നിർമ്മാണം<br>♦ പൂക്കളെക്കുറിച്ചുള്ള പാട്ടുകൾ ശേഖരണം, പാടൽ<br>♦ പൂക്കളുടെ ചിത്രങ്ങൾ വര<br>♦ ഡയറി എഴുത്ത്<br>♦ വരികൾ ചേർക്കാം | ♦ പാഠത്തിന് മുന്നൊരുക്കമായി അനുയോജ്യമായ ചിത്രങ്ങൾ വരച്ച് സചിത്രബുക്ക് നിർമ്മിക്കുന്നു<br>♦ പൂക്കളെക്കുറിച്ചുള്ള പാട്ടുകൾ ശേഖരിക്കുന്നു. എന്റെ പാട്ട് ബുക്കിലെഴുതുന്നു. ഒരുമിച്ച് പാടുന്നു.<br>♦ പൂക്കളുടെ ചിത്രം വരയ്ക്കുന്നു, നിറം നൽകുന്നു. ചിത്രപ്പതിപ്പ് തയ്യാറാക്കുന്നു.<br>♦ കുട്ടികൾ നൽകുന്ന പാട്ടിന് യോജിച്ച വരികൾ കണ്ടെത്തി പാട്ട് പൂർത്തിയാക്കുന്നു. | സെപ്തംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| ♦ പറഞ്ഞും എഴുതിയും തന്റെ ആശയങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു<br>♦ ആഘോഷം ഉത്സവം ഇവയുമായി ബന്ധപ്പെട്ട് മറ്റുള്ളവരുടെ അനുഭവം കേൾക്കുകയും സ്വന്തം അനുഭവം പറയുകയും ചെയ്യുന്നു | ♦ കഥ<br>♦ സംഭാഷണം<br>♦ കവിത<br>♦ ചിത്രവായന<br>♦ സംഭാഷണം<br>♦ ചിത്രംവര<br>♦ കഥ | ♦ ഉത്സവങ്ങളെയും, ആഘോഷങ്ങളെയും കുറിച്ചുള്ള കഥകൾ, സംഭാഷണങ്ങൾ, കവിതകൾ ഇവ വായിക്കുന്നു. സ്വന്തമായി ലേഖന പ്രക്രിയകൾ നിർവ്വഹിക്കുന്നു.<br>♦ ഉത്സവങ്ങളുടെയും ആഘോഷങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് വിവരിക്കുന്നു. അതിൽ നിന്ന് സംഭാഷണം തയ്യാറാക്കുന്നു<br>♦ അനുഭവങ്ങളുടെ ചിത്രം വരയ്ക്കുന്നു അതിനെക്കുറിച്ച് സ്വന്തമായി കഥയെഴുതുന്നു | ഒക്ടോബർ |
| ♦ ജിജ്ഞാസയുണർത്തുന്ന സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നിവയടങ്ങിയ ചിത്രകഥകൾ വായിക്കൽ<br>♦ വായനസാമഗ്രികളിൽ നിന്ന് നിശ്ചിത അക്ഷരങ്ങൾ, പദങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു. | ♦ ചിത്രവായന<br>♦ ചിത്രംവര<br>♦ കഥാവായന<br>♦ കഥപറയൽ<br>♦ കഥാവായന<br>♦ ആവർത്തിച്ച് വരുന്നവ<br>♦ വട്ടത്തിലാക്കാം | ♦ കുട്ടികൾക്ക് വളരെ രസകരമായ കഥാപാത്രങ്ങൾ ഉൾപ്പെടുന്ന കഥാപുസ്തകങ്ങൾ നൽകുന്നു.<br>♦ ആദ്യം ചിത്രവായന നടത്തുന്നു. തുടർന്ന് കഥ വായിക്കുന്നു. അതിനെക്കുറിച്ചുള്ള തന്റെ അഭിപ്രായം പറയുന്നു.<br>♦ കുട്ടികൾ കഥകൾ പറയുന്നു. ആവർത്തിക്കുന്ന വാക്കുകൾ കണ്ടെത്തുന്നു.<br>♦ കഥകൾ വായിക്കുന്നു. ആവർത്തിക്കുന്ന വാക്കുകൾ കണ്ടെത്തുന്നു. കഥാചാർട്ട് നൽകുന്നു. ആവർത്തിച്ച് വരുന്ന വാക്കുകൾക്ക് ചുറ്റും വട്ടം വരയ്ക്കുന്നു. | നവംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ ചിത്രവായനയിലൂടെ ആശയങ്ങൾ മനസ്സിലാക്കി ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നു.<br>♦ നാടകീകരണത്തിനുള്ള സംഭാഷണങ്ങൾ തയ്യാറാക്കൽ | ♦ ചിത്രത്തിൽ എന്തൊക്കെ<br>♦ വളർച്ച എങ്ങനെ<br>♦ പേര് കണ്ടെത്താം<br>♦ കഥാവായന<br>♦ കഥാപാത്രങ്ങളെ കണ്ടെത്തൽ<br>♦ രചന<br>♦ നാടകീകരണം<br>♦ അഭിനയം | ♦ ഓരോരുത്തരും ചിത്രം നോക്കി ചിത്രത്തിൽ എന്തൊക്കെയുണ്ടെന്ന് പറയുന്നു.<br>♦ വാക്യങ്ങൾ എഴുതിയ സ്ട്രിപ്പ് വായിച്ച് ചിത്രങ്ങൾ കണ്ടെത്തുന്നു<br>♦ ആഖ്യാനത്തിൽ നിന്ന് കഥാപാത്രങ്ങളെ കണ്ടെത്തുന്നു<br>♦ അനുയോജ്യമായ കഥ കണ്ടെത്തുന്നു അതിലെ കഥാപാത്രങ്ങളെ കണ്ടെത്തുന്നു<br>♦ സംഭാഷണം തയ്യാറാക്കുന്നു<br>♦ നാടകരൂപത്തിലാക്കുന്നു | ഡിസംബർ |
| ♦ ആർജ്ജിത പദങ്ങൾ ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു<br>♦ രചനയിൽ വരുത്തേണ്ട തിരുത്തലുകൾ കൂട്ടിച്ചേർക്കലുകൾ എന്നിവ തിരിച്ചറിയുന്നതിന് | ♦ സംഭാഷണം<br>♦ വിവരണം<br>♦ കുറിപ്പ്<br>♦ നാടകം<br>♦ സംഭാഷണം<br>♦ വിവരണം<br>♦ കത്ത്<br>♦ പത്രവാർത്ത | ♦ ആർജ്ജിതപദങ്ങൾ ഉപയോഗിച്ചു കൊണ്ട് സംഭാഷണം തയ്യാറാക്കുന്നു.<br>♦ ആർജ്ജിത പദങ്ങൾ ഉപയോഗിച്ചു കൊണ്ട് വിവരണം തയ്യാറാക്കുന്നു<br>♦ കുറിപ്പ് തയ്യാറാക്കുന്നു<br>♦ സംഭാഷണത്തിന്റെ ഘടന പാലിച്ചെഴുതുന്നു.<br>♦ വിവരണം ഭംഗിയായെഴുതുന്നു<br>♦ കത്ത് ഘടന പാലിച്ചെഴുതുന്നു | ജനുവരി |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ ലഘുവാക്യങ്ങളടങ്ങിയ വായനാ സാമഗ്രികൾ വായിക്കുന്നു<br>♦ വായിച്ച ഭാഗങ്ങളിലെ ചുരുക്കം അവതരിപ്പിക്കുന്നതിന് | ♦ വ്യക്തിഗത വായന<br>♦ കൂട്ടമായ വായന<br>♦ ആശയ സ്വാംശീകരണം<br>♦ ആശയം കൂട്ടിച്ചേർക്കൽ | ♦ വായനാ സാമഗ്രികൾ വ്യക്തിഗതമായി വായിക്കുന്നു.<br>♦ ഒരുമിച്ച് വായിക്കുന്നു<br>♦ വായിച്ച് ഗ്രഹിച്ച ഭാഗത്തെ ആശയങ്ങൾ വ്യക്തിഗതമായി പങ്കുവയ്ക്കുന്നു<br>♦ ഇഷ്ടവായനാ സാമഗ്രി വായിച്ച് തന്റേതായ ആശയങ്ങൾ കൂടി ചേർത്ത് പറയുന്നു | ഫെബ്രുവരി |
| ♦ കഥാചിത്രങ്ങളിൽ നിന്ന് കഥയുണ്ടാക്കൽ | ♦ സംഭാഷണം<br>♦ കഥ | ♦ ചിത്രങ്ങൾ നിരീക്ഷിച്ച് കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണം രൂപീകരിക്കുന്നു<br>♦ ചിത്രങ്ങൾ നിരീക്ഷിച്ച് കഥ രൂപീകരിച്ച് പറയുന്നു എഴുതുന്നു | മാർച്ച് |

# പരിസര പഠനം

**ആമുഖം**

ഒന്നാം ക്ലാസിൽ നിന്നുതന്നെ ശാസ്ത്ര പ്രവർത്തനങ്ങളിലൂടെ കടന്നുപോകുന്നത് ഉത്തമമായ കാര്യമാണ്. ശാസ്ത്രീയമായ അറിവ് കുട്ടികളിൽ ഉണർത്തിയെടുക്കേണ്ടത് ഉദാത്തമായ കാര്യമാണ്. ശാസ്ത്രീയതലത്തിലൂടെ കുട്ടി കടന്നുപോകുമ്പോൾ പരിസരവുമായി ഇഴുകിച്ചേർന്ന് പഠിക്കുന്നതും ജീവിക്കുന്നതും നല്ലൊരു മനോഹാരമാണ്. പ്രാഥമികതലത്തിൽ നിന്നുതന്നെ കുട്ടി ശാസ്ത്രീയവശങ്ങൾ മനസിലാക്കി നിഗമനങ്ങളും പരീക്ഷണങ്ങളും കണ്ടെത്തലുകളും നടത്തി ശാസ്ത്രബോധം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമായ കാര്യമാണ്.

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ വീടിന്റെ ആകൃതി തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.<br>♦ വീട്ടിൽ അവശ്യം വേണ്ട സൗകര്യങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്തുന്നു. | ♦ വീട് വര<br>♦ വീട് പരിശോധന<br>♦ വീട് ചിത്രം വര<br>♦ ചിത്ര പരിശോധന | ♦ വീട് വരയ്ക്കുന്നു<br>♦ വീടിന് ഏതൊക്കെ ഭാഗങ്ങൾ വേണമെന്ന് നിരീക്ഷിക്കുന്നു<br>♦ വീടിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു<br>♦ വീടിന്റെ ഉള്ളിൽ എന്തൊക്കെ സൗകര്യങ്ങൾ വേണമെന്ന് പറയുന്നു<br>♦ അനുഭവത്തിൽ നിന്ന് സൗകര്യങ്ങൾ കണ്ടെത്തി പറയുന്നു | ജൂൺ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ മഴക്കാലത്ത് ചുറ്റുപാടുമുണ്ടാകുന്ന മാറ്റങ്ങൾ കണ്ടെത്തുന്നു<br>♦ ജലത്തിന്റെ ഉപയോഗങ്ങൾ പറയാൻ സാധിക്കുന്നു | ♦ പ്രകൃതി നടത്തം<br>♦ നിരീക്ഷണം<br>♦ അനുഭവ വിവരണം<br>♦ നിരീക്ഷണം | ♦ മഴക്കാല അനുഭവങ്ങൾ കുട്ടികൾ പങ്കുവയ്ക്കുന്നു<br>♦ മഴ പെയ്തു കഴിഞ്ഞതിനു ശേഷം പരിസരം നിരീക്ഷിച്ച് പറയുന്നു<br>♦ എന്തിനെല്ലാമാണ് ജലം ഉപയോഗിക്കുന്നതെന്ന് ചർച്ച ചെയ്യുന്നു<br>♦ നിരീക്ഷണത്തിലൂടെ ജലത്തിന്റെ ഉപയോഗങ്ങൾ കണ്ടെത്തുന്നു | ജൂലൈ - ആഗസ്റ്റ് |
| ♦ സസ്യങ്ങൾ, പൂക്കൾ, പഴങ്ങൾ ഇവയിലെ സവിശേഷതകൾ കണ്ടെത്തി വിശദീകരിക്കുന്നതിന്<br>♦ സസ്യത്തിന്റെ വിവിധ ഭാഗങ്ങളെ മനസ്സിലാക്കുന്നു<br>♦ ആഹാരത്തിനുപയോഗിക്കുന്ന സസ്യഭാഗങ്ങൾ കണ്ടെത്തുന്നു | ♦ പേരു കണ്ടെത്തൽ<br>♦ നിരീക്ഷണം<br>♦ പ്രത്യേകത<br>♦ പ്രകൃതി നടത്തം<br>♦ നിരീക്ഷണം<br>♦ കണ്ടെത്തൽ<br>♦ അനുഭവ വിവരണം<br>♦ നിരീക്ഷണം<br>♦ കണ്ടെത്തൽ<br>♦ അനുഭവ വിവരണം<br>♦ നിരീക്ഷണം | ♦ ചുറ്റുപാടുമുള്ള സസ്യങ്ങളെ, പൂക്കളെ, പഴങ്ങളെ പേരുകൾ കണ്ടെത്തുന്നു.<br>♦ അവയെ നിരീക്ഷിച്ച് അതിന്റെ പ്രത്യേകതകൾ കണ്ടെത്തുന്നു<br>♦ ചിത്രം വരയ്ക്കുന്നു<br>♦ കുട്ടികൾ പരിസരം നിരീക്ഷിച്ച് സസ്യം പറിച്ചെടുത്ത് അതിന്റെ ഭാഗങ്ങൾ നിരീക്ഷിക്കുന്നു<br>♦ സസ്യത്തിന്റെ ചിത്രം വരച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തുന്നു<br>♦ കുട്ടികൾ കഴിക്കുന്ന പച്ചക്കറികളുടെ പേരുകൾ പറയുന്നു<br>♦ ഭക്ഷണത്തിനുപയോഗിക്കുന്ന സസ്യഭാഗങ്ങൾ കണ്ടെത്തുന്നു<br>♦ ചിത്രം വരയ്ക്കുന്നു | സെപ്തംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ ആഘോഷങ്ങളുമായി ബന്ധപ്പെട്ട കളികൾ തിരിച്ചറിയുന്നു, കളിക്കുന്നു<br>♦ പ്രധാന ദേശീയ ദിനങ്ങൾ തിരിച്ചറിയുന്നു | ♦ ആഘോഷങ്ങൾ<br>♦ കളികൾ പട്ടിക<br>♦ കളി<br>♦ നിരീക്ഷണം<br>♦ അനുഭവം<br>♦ കണ്ടെത്തൽ | ♦ കുട്ടികൾ തങ്ങൾക്ക് പരിചിതമായ ആഘോഷങ്ങളുടെ പേരുകൾ പറയുന്നു<br>♦ പരിചിതമായ കളികളുടെ പേരുകൾ പറയുന്നു<br>♦ എങ്ങനെ കളിക്കണമെന്ന് കണ്ടെത്തുന്നു, കളിക്കുന്നു.<br>♦ കുട്ടികൾ തങ്ങൾക്ക് പരിചിതമായ ദേശീയ ദിനങ്ങളെക്കുറിച്ച് പറയുന്നു<br>♦ കൂടുതൽ ദിനങ്ങൾ അന്വേഷണത്തിലൂടെ കണ്ടെത്തുന്നു | ഒക്ടോബർ |
| ♦ വിവിധ ആഹാരവസ്തുക്കളുടെ സവിശേഷതകൾ കണ്ടെത്തി പറയുന്നു | ♦ അനുഭവം<br>♦ ചിത്രങ്ങൾ<br>♦ സവിശേഷതകൾ<br>♦ ആഹാരം എന്തിന്<br>♦ എന്തൊക്കെ കഴിക്കണം<br>♦ ആഹാരത്തിന്റെ പ്രാധാന്യം | ♦ കുട്ടികൾ തങ്ങൾക്ക് പരിചിതമായ ആഹാരസാധനങ്ങളുടെ പേരുകൾ പറയുന്നു<br>♦ ചിത്രങ്ങളിലൂടെ പരിചിതമല്ലാത്തത് നിരീക്ഷിക്കുന്നു<br>♦ പ്രത്യേകതകൾ പറയുന്നു<br>♦ എന്തിനാണ് ആഹാരം കഴിക്കുന്നത് ചർച്ച<br>♦ ആഹാരത്തിൽ എന്തൊക്കെ ഉൾപ്പെടുത്തണം<br>♦ നല്ല ആഹാരങ്ങൾ കഴിക്കണമെന്നു പറയുന്നതിന്റെ കാരണങ്ങൾ ചർച്ച | നവംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ ജീവികളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് മാനദണ്ഡങ്ങൾ അനുസരിച്ച് വർഗ്ഗീകരിക്കുന്നു<br>♦ വളർത്തുജീവികളെക്കൊണ്ടുള്ള പ്രയോജനങ്ങൾ കണ്ടെത്തുന്നു | ♦ ജീവികൾ ഏത്<br>♦ പരിചിതമായവ<br>♦ പ്രത്യേകതകൾ<br>♦ ചിത്രങ്ങൾ<br>♦ നിരീക്ഷണം<br>♦ വർഗ്ഗീകരണം | ♦ കുട്ടികൾ തങ്ങൾക്ക് പരിചിതമായ പേരുകൾ കണ്ടെത്തുന്നു. പറയുന്നു<br>♦ പരിചിതമല്ലാത്തവയെ ചിത്രത്തിന്റെ സഹായത്തോടെ നിരീക്ഷിക്കുന്നു. ICT<br>♦ പ്രത്യേകതകൾ കണ്ടെത്തുന്നു<br>♦ വളർത്തുജീവികളെക്കൊണ്ടുള്ള അറിയാവുന്ന പ്രയോജനങ്ങൾ പറയുന്നു<br>♦ പ്രയോജനങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു | ഡിസംബർ |
| ♦ കൃഷികൾ പലതരമുണ്ട്. കാർഷിക ഉപകരണങ്ങളും പലതരമെന്ന് തിരിച്ചറിയുന്നു<br>♦ വാഹനങ്ങളും സഞ്ചാരമാർഗ്ഗങ്ങളും അറിയുന്നു<br>♦ റോഡ് നിയമങ്ങൾ പാലിച്ച് യാത്ര ചെയ്യുന്നതിന് | ♦ എന്തെല്ലാം കൃഷികൾ<br>♦ ആയുധങ്ങൾ പലതരം<br>♦ വാഹന പട്ടിക<br>♦ സഞ്ചാരമാർഗ്ഗങ്ങൾ<br>♦ പട്ടികപ്പെടുത്തൽ<br>♦ റോഡ് നിയമങ്ങൾ നിരീക്ഷണം | ♦ നാട്ടിൽ ചെയ്യുന്ന കൃഷികളെക്കുറിച്ച് പറയുന്നു<br>♦ എന്തിനുവേണ്ടി കൃഷി ചെയ്യുന്നു<br>♦ കൃഷിക്കുപയോഗിക്കുന്ന ആയുധങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തുന്നു<br>♦ വിവിധ വാഹനങ്ങളുടെ പേരുകൾ കണ്ടെത്തുന്നു<br>♦ സഞ്ചാരമാർഗമനുസരിച്ച് പട്ടികപ്പെടുത്തുന്നു<br>♦ റോഡ് നിയമങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു<br>♦ കൂടുതൽ നിയമങ്ങൾ അറിയുന്നതിനായി ICT യുടെ സഹായത്തോടെ കണ്ടെത്തുന്നു | ജനുവരി |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| ♦ വാഹനങ്ങളും സഞ്ചാര മാർഗ്ഗങ്ങളും അറിയുന്നു<br>♦ റോഡ് നിയമങ്ങൾ പാലിച്ച് യാത്ര ചെയ്യുന്നതിന് | ♦ വാഹന പട്ടിക<br>♦ സഞ്ചാര മാർഗ്ഗങ്ങൾ<br>♦ പട്ടികപ്പെടുത്തൽ<br>♦ റോഡ് നിയമങ്ങൾ നിരീക്ഷണം | ♦ വിവിധ വാഹനങ്ങളുടെ പേരുകൾ കണ്ടെത്തുന്നു<br>♦ സഞ്ചാരമാർഗ്ഗമനുസരിച്ച് പട്ടികപ്പെടുത്തുന്നു<br>♦ റോഡ് നിയമങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു<br>♦ കൂടുതൽ നിയമങ്ങൾ അറിയുന്നതിനായി ICT യുടെ സഹായത്തോടെ കണ്ടെത്തുന്നു | ഫെബ്രുവരി |
| ♦ വിവര വിനിമയ ഉപകരണങ്ങൾ വിനിമയം ചെയ്ത് സാമ്യ വ്യത്യാസങ്ങൾ കണ്ടെത്തുന്നു | ♦ നിരീക്ഷണം<br>♦ പട്ടികപ്പെടുത്തൽ<br>♦ വർഗ്ഗീകരണം | ♦ വിവര സാങ്കേതിക ഉപകരണങ്ങൾ കുട്ടികൾക്ക് പരിചിതമായവ അല്ലാത്തവ കണ്ടെത്തുന്നു<br>♦ പട്ടികപ്പെടുത്തുന്നു<br>♦ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു<br>♦ ICT സാധ്യത | മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1 - ഇംഗ്ലീഷ്

# ENGLISH

## Introduction

The goal is for the first grader to handle English fluently. The first grader must go from small word to big word. Must be able to read write and speak english fluently. No child should be able to speak english fluently like Malayalam. We have to keep our world language English close to our hearts. The Accadamic master plan is designed to ensure the above qualities.

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| ♦ Follows the instructions and acts accordingly<br>♦ Identities and responds to questions with who, what and when | ♦ Story<br>♦ Rhyme<br>♦ Action songs<br>♦ Dialogue | ♦ Telling stories about animals<br>♦ Saying Rhymes and acting<br>♦ Telling and acting accordingly<br>♦ Asking permissions<br>♦ Making Requests | June |
| ♦ Identifies the names of difference birds and their young ones<br>♦ Count numbers up to 10 | ♦ Picture Reading<br>♦ Story<br>♦ Rhymes<br>♦ Pictures<br>♦ Language game | ♦ With the help of pictures identifies the name of birds and their young ones<br>♦ From the stories find out the different animals<br>♦ With the help of Rhymes counting from 1 to 10<br>♦ With the help of pictures counting numbers<br>♦ Throung language games | July |

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| ♦ Describe pictures orally<br>♦ Drawing and colouring pictures | ♦ Story<br>♦ Dialogue<br>♦ Drawing<br>♦ Colouring | ♦ Picture reading by children<br>♦ Reading the picture and making dialogues<br>♦ Find out the characters<br>♦ Children draw the pictures of animals and telling stories about it<br>♦ Giving suitable colours to the picture | Auguest |
| ♦ Get the concept of colours<br>♦ Describes pictures using appropriate vocabulory | ♦ Song / Rhyme<br>♦ Description<br>♦ Rhymes<br>♦ Description | ♦ Telling Rhymes about colours<br>♦ Through riddiles finding colours<br>♦ Through description getting the concept of colours<br>♦ Collecting the Rhymes and finding describing words<br>♦ Make description with the describing words | September |

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| ♦ Make simple suggestions<br>♦ Speaks about object / things on the basis of colour and size | ♦ Requests<br>♦ Dialogue<br>♦ Description<br>♦ Rhymes | ♦ Making request will please, let's, shall, etc.<br>♦ Writing dialogues including suggestion words<br>♦ With the help of description speaks about things<br>♦ Through Rhymes speaks about things on the basis of colour and size. | October |
| ♦ Develops an idea about the importance of friendship<br>♦ Develops vocabulary related to body parts of animals | ♦ Story<br>♦ Rhyme<br>♦ Dialogue<br>♦ Story<br>♦ Rhymes | ♦ Listening the story and collecting about friendship<br>♦ Singing Rhymes about friendhsip<br>♦ According to the dialogue about friendship acts like that<br>♦ Listening the stories about animals<br>♦ Telling Rhymes about the animals and find out the body parts | November |

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| ♦ Understands the relevance of family bondage and the care each member gives to others<br>♦ Develops understanding about the parts of vehicles and days in a week | ♦ Story<br>♦ Rhymes<br>♦ Chereography<br>♦ Concept maping<br>♦ Songs | ♦ Listening and collecting the story about family bodage<br>♦ Telling Rhymes about family<br>♦ Chereography of the Rhyme about family bondage<br>♦ Making concept map of vehicles and their parts<br>♦ Rhyme about week | December - January |
| ♦ Writes similar lines based on a theme | ♦ Songs<br>♦ Concept maping | ♦ To add more lines reading more Rhymes<br>♦ Creating concept map related to the theme | February |
| ♦ Uses appropriate discourse makers and expressions | ♦ Dialogue<br>♦ Story | ♦ Listening more dialogues and find out the different expressions and expressing words<br>♦ Chereography of the Rhyme<br>♦ Reading many stories | March |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1 - ഗണിതം

# ഗണിതം

## ആമുഖം

ഒന്നാം ക്ലാസിൽ നിന്നുതന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടതുണ്ട്. ഭാഷയിലും, ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിൻതള്ളിപ്പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമുക്ക് ആവശ്യമാണ്. ഗണിതം ഇല്ലാതെ ജീവിതത്തിൽ ഒന്നും ഇല്ല എന്നുതന്നെ പറയാം. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ്. പലതരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് (വലുത് / ചെറുത്, ഉയരം കൂടിയത് / കുറഞ്ഞത്)<br>♦ സന്ദർഭോചിതമായ അവസര സൃഷ്ടിക്കുന്നതിന് ഏറ്റവും ഉചിതമായ പദങ്ങൾ ഉപയോഗിക്കുന്നു | ♦ ചിത്ര നിരീക്ഷണം<br>♦ കളികൾ<br>♦ പാട്ടുകൾ | ♦ വ്യത്യസ്ത വലുപ്പത്തിലുള്ള സാധനങ്ങളിൽ നിന്ന് ഏറ്റവും ചെറുത് / വലുത് ഇവ കണ്ടെത്തുന്നു.<br>♦ ചിത്രങ്ങൾ, സാധനങ്ങൾ ഇവയുടെ സഹായത്തോടെ ഉയരംകൂടിയത്/കുറഞ്ഞത് ഇവ മനസിലാക്കുന്നു<br>♦ ചിത്രങ്ങൾ വസ്തുക്കൾ ഇവ നിരീക്ഷിച്ച് അടുത്ത് / അകലെ ഇവ മനസിലാക്കുന്നു<br>♦ കളിയിലൂടെയും, പാട്ടുകളിലൂടെയും അകത്ത്, പുറത്ത്, മുന്നിൽ, പുറകിൽ ഇവ മനസിലാക്കുന്നു | ജൂൺ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ 1 മുതൽ 5 വരെ സംഖ്യകളെ തിരിച്ചറിയുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു<br>♦ കളികളുടെയും ആഖ്യാനത്തിന്റെയും ഭാഗമായി വസ്തുക്കൾ എണ്ണിയെടുക്കുന്നു | ♦ സംഖ്യാ ഗാനങ്ങൾ<br>♦ സംഖ്യാ റിബൺ<br>♦ ഗണിത കിറ്റ്<br>♦ എണ്ണാം പറയാം | ♦ സംഖ്യാഗാനങ്ങളുടെ സഹായത്തോടെ എണ്ണുന്നു<br>♦ സംഖ്യാ റിബണിലെ വിട്ടുപോയ സംഖ്യകൾ പൂർത്തിയാക്കുന്നു<br>♦ നിർദ്ദേശങ്ങൾക്കനുസരിച്ച് ഗണിത കിറ്റിൽ നിന്ന് സാധനങ്ങൾ എണ്ണിയെടുക്കുന്നു<br>♦ കളികളുടെ ഭാഗമായി വസ്തുക്കൾ എണ്ണിപറയുന്നു | ജൂലൈ |
| ♦ 6 മുതൽ 9 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു<br>♦ 1 മുതൽ 9 വരെ സംഖ്യകളെ താരതമ്യം ചെയ്യുന്നു | ♦ മഞ്ചാടി പെറുക്കാം<br>♦ ഗോലി തെളിക്കാം<br>♦ മണിനാദം<br>♦ മിഠായി കൊടുക്കാം | ♦ നിർദ്ദേശങ്ങൾക്കനുസരിച്ച് പാത്രത്തിൽ നിന്നും മഞ്ചാടി എണ്ണിയെടുക്കുന്നു, പറയുന്നു<br>♦ കുഴിയിലൂടെ ഗോലി തെളിച്ച് അകത്തു കയറ്റുന്നു. 6 മുതൽ 9 വരെ എണ്ണിക്കൊണ്ട്<br>♦ ഒരാൾ മണിയടിക്കുന്നു. ശബ്ദം കേട്ട് മറ്റുള്ളവർ എണ്ണം കൃത്യമായി പറയുന്നു<br>♦ എല്ലാവരും മിഠായി വാങ്ങി വിവിധ എണ്ണങ്ങളാക്കി കൊടുക്കുന്നു | ആഗസ്ത് |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ ഒരു കൂട്ടത്തിൽ നിന്ന് ചെറിയ ഒരു കൂട്ടം എടുത്തു മാറ്റിയാൽ എന്ന രീതിയിൽ വ്യവകലനത്തെ വിശദീകരിക്കുന്നു<br><br>♦ ഒരു സംഖ്യയോട് 1 കൂട്ടിയാൽ തൊട്ടടുത്ത സംഖ്യ കിട്ടുമെന്ന് തിരിച്ചറിയുന്നു | ♦ കൂടിച്ചേരാം<br>♦ പൂക്കളെത്ര<br>♦ നിറം കൊടുക്കാം<br>♦ പൂക്കളം നിർമ്മിക്കാം<br>♦ കൂട്ടുകാർ ഒന്നിച്ചപ്പോൾ | ♦ ഒരു ബെഞ്ചിൽ ഇരുന്നിരിക്കുന്ന കുട്ടികളിൽ നിന്ന് നിശ്ചിത എണ്ണം മറ്റൊരു ബെഞ്ചിലിരിക്കുന്നു<br>♦ 4 പൂക്കളുള്ള ചെടിയിൽ നിന്നും നിശ്ചിത എണ്ണം പറിച്ചെടുക്കുന്നു<br>♦ 4 എണ്ണത്തിൽ നിശ്ചിത എണ്ണത്തിന് മാത്രം നിറം കൊടുക്കുന്നു.<br>♦ പൂക്കളം നിർമ്മിക്കാനുള്ള പൂക്കൾ പറിച്ചുകൊണ്ടുവരുന്നു. ഒന്നിനോടൊന്ന് ചേർത്ത് വയ്ക്കുന്നു<br>♦ 2 കൂട്ടം കുട്ടികൾ ഒരു കൂട്ടത്തിൽ നിന്ന് ഓരോരുത്തരായി മറ്റൊന്നിൽ ചേരുന്നു | സെപ്തംബർ |
| ♦ 20 ൽ താഴെയുള്ള സംഖ്യകൾ എഴുതുന്നു<br><br>♦ ഒരു കൂട്ടത്തെ നിശ്ചിത എണ്ണം വീതമുള്ള 2 ഗ്രൂപ്പുകളാക്കുന്നു | ♦ ചിത്ര വായന<br>♦ കോഴിക്ക് കടല<br>♦ മഞ്ചാടി കളി<br>♦ അരിമണി കൊടുക്കാം<br>♦ കൂട്ടിലാക്കാം | ♦ മരത്തിൽ (20ൽ താഴെ) കിളികളിരിക്കുന്ന ചിത്രം നിരീക്ഷിച്ച് എണ്ണം പറയുന്നു.<br>♦ കോഴിക്ക് കടല കൊടുക്കാനായി 2 ഗ്രൂപ്പായി എത്തുന്നു. നിർദ്ദേശമനുസരിച്ച് കടല കൂട്ടിൽ കൊടുക്കുന്നു<br>♦ നിർദ്ദേശമനുസരിച്ച് മഞ്ചാടികളെ വ്യത്യസ്ത എണ്ണമുള്ള കൂട്ടങ്ങളാക്കുന്നു<br>♦ ഓരോ കോഴിക്കും വ്യത്യസ്ത എണ്ണത്തിൽ അരിമണി നൽകുന്നു | ഒക്ടോബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ 99 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു | ♦ ഞങ്ങളെത്ര<br><br>♦ കടല ശേഖരിക്കാം<br><br>♦ കൂട്ടുകാരെ കണ്ടെത്താം | ♦ ഈർക്കിൽ, കമ്പോടി ഇവ ഉപയോഗിച്ച് 10 ന്റെ കൂട്ടമാക്കുന്നു. അതിനെ എണ്ണുന്നു<br><br>♦ ഓരോ വരിയിലെയും വാഴകൾ എണ്ണുന്നു, എഴുതുന്നു<br><br>♦ 10, 20, ............... 90 കാർഡുകൾ പെട്ടിയിൽ 1, 2, 3, 4 കാർഡുകൾ മറ്റൊരു പെട്ടിയിൽ. കൂട്ടുകാരെ കണ്ടെത്തുന്നു. | നവംബർ |
| ♦ 2 സംഖ്യകളുടെ തുക കാണുന്നതുൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു<br><br>♦ സംഖ്യാ പാറ്റേൺ നിരീക്ഷിക്കുന്നു. പുതിയ സംഖ്യാ പാറ്റേൺ നിർമ്മിക്കുന്നു | ♦ തട്ടിൽ വയ്ക്കാം<br><br>♦ വിലയറിയാം<br><br>♦ കാർഡു കളി<br><br>♦ എന്റെ ചങ്ങാതി | ♦ തട്ടിലിരിക്കുന്ന പാൽക്കുപ്പികൾ എണ്ണിനോക്കി കണ്ടെത്തണം<br><br>♦ വിലവിവര പട്ടികയിൽ നിന്ന് നിശ്ചിത തുകയ്ക്കുള്ള സാധനങ്ങൾ കണ്ടെത്തുന്നു<br><br>♦ 4 കാർഡുകൾ ഒരേ തുക വരുന്ന രീതിയിൽ ക്രമീകരിക്കുന്നു<br><br>♦ വ്യത്യസ്ത പാറ്റേണുകൾ നിരീക്ഷിച്ച് ചങ്ങാതിയെ കണ്ടെത്തുന്നു. | ഡിസംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ ചുറ്റുപാടുമുള്ള വസ്തുക്കളെ രൂപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു<br><br>♦ ഒരു കൂട്ടം വസ്തുക്കളിൽ നിന്ന് നീളം കൂടിയവയും, കുറഞ്ഞവയും കണ്ടെത്തുന്നു | ♦ പലഹാരം പല രൂപം<br><br>♦ നിറം നൽകാം<br><br>♦ മിഠായിയും വാലും<br><br>♦ ഏതെടുക്കാം | ♦ പല ആകൃതിയിലുള്ള പലഹാരങ്ങളുടെ ചിത്രത്തിൽ നിന്ന് ആകൃതികൾ തിരിച്ചറിയുന്നു<br><br>♦ പല ആകൃതികൾക്കിടയിൽ നിന്ന് നിർദ്ദേശിക്കുന്നവയ്ക്ക് കൃത്യമായ നിറം നൽകുന്നു<br><br>♦ കളത്തിലൂടെ നീളം കൂടിയത് / കുറഞ്ഞത് കണ്ടെത്തുന്നു<br><br>♦ നിത്യോപയോഗ വസ്തുക്കളിൽ നിന്ന് യോജിച്ചത് കണ്ടെത്തുന്നു | ജനുവരി - ഫെബ്രുവരി |
| ♦ കറൻസികളും നാണയങ്ങളും ഉപയോഗിച്ച് ക്രയവിക്രയം നടത്തുന്നു<br><br>♦ ക്രയവിക്രയങ്ങളിൽ സങ്കലന - വ്യവകലന ക്രിയകൾ ഉചിതമായി ഉപയോഗിക്കുന്നു | ♦ ചന്തയിലേക്ക്<br><br>♦ കച്ചവടം കളി<br><br>♦ വിലയിടാം<br><br>♦ മാല വേണോ മാല | ♦ സമ്പാദ്യപ്പെട്ടിയിലെ തുക എണ്ണി സാധനങ്ങൾ വാങ്ങുന്നു<br><br>♦ നാണയങ്ങളും, കറൻസികളും കച്ചവടക്കളിയിൽ ഉപയോഗിക്കുന്നു<br><br>♦ ചന്തയിലെ സാധനങ്ങൾക്ക് കുട്ടികൾ വിലയിടുന്നു<br><br>♦ സാധനങ്ങളുമായി ഒരാൾ പ്രവേശിക്കുന്നു, കുട്ടികൾ സാധനങ്ങൾ വാങ്ങുന്നു. | മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 2 - മലയാളം

# ക്ലാസ്സ് – 2

## ആമുഖം

പുതിയ അധ്യയന വർഷത്തിൽ 2-ാം ക്ലാസിലെ മുഴുവൻ കുട്ടികളെ ഉൾക്കൊള്ളുന്നതും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനുമായി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്. ഭാഷ, ഗണിതം, ഇംഗ്ലീഷ് എല്ലാം ഉൾക്കൊള്ളുന്ന ഈ പദ്ധതിയിൽ രക്ഷിതാക്കളുടെ പങ്കാളിത്തവും പിന്തുണയും ഉറപ്പുവരുത്തിയിട്ടുണ്ട്. കുട്ടികൾക്ക് സ്വയം വിലയിരുത്തുവാനും പരസ്പരം വിലയിരുത്തുവാനുമുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്

# മലയാളം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ കണ്ടതോ, കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയുന്നു | ♦ കണ്ടെത്താം പറയാം | ♦ ചിത്ര നിരീക്ഷണം നടത്തുന്നു<br>♦ ചിത്രത്തിൽ എന്തൊക്കെ പറയുന്നു<br>♦ സചിത്രബുക്കിൽ ചിത്രം കളർ ചെയ്യുന്നു<br>♦ ചിത്രത്തിൽ കാര്യങ്ങൾ ക്രമമായി വാക്യരൂപത്തിൽ പറയുന്നു | 2 ആഴ്ച |
| ♦ കുട്ടിക്കവിതകൾ ഈണം താളം എന്നിവയോടെ ചൊല്ലി അവതരിപ്പിക്കുന്നു | ♦ ഈണത്തിൽ ചൊല്ലാം | ♦ പുഴയുമായി ബന്ധപ്പെട്ട കുട്ടിക്കവിത ചൊല്ലുന്നു<br>♦ പാഠഭാഗ കവിത ഈണത്തിൽ ചൊല്ലുന്നു<br>♦ തനിച്ച് ചൊല്ലുന്നു<br>♦ ഈണത്തിൽ ചൊല്ലുന്നു | ജൂൺ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ ലഘു വിവരണങ്ങൾ വായിച്ച് ആശയങ്ങൾ കണ്ടെത്തി പറയുന്നു | ♦ വായിക്കാം പറയാം വളരാം | ♦ വായന കാർഡ് കുട്ടിക്ക് നൽകുന്നു<br>♦ നിശബ്ദ വായന നടത്തുന്നു<br>♦ ഉച്ചത്തിൽ വായിക്കുന്നു<br>♦ തനിച്ച് വായിക്കാൻ ശ്രമിക്കുന്നു<br>♦ ടീച്ചറുടെ സഹായത്തോടെ വായിക്കുന്നു<br>♦ വായിച്ച കാര്യങ്ങളുടെ ആശയം പറയുന്നു<br>♦ ക്രമമായി ആശയങ്ങൾ അവതരിപ്പിക്കുന്നു | ജൂലൈ - ആഗസ്റ്റ് |
| ♦ സ്വന്തം ആശയങ്ങൾ ലഘു വാക്യങ്ങളിൽ എഴുതുന്നു | ♦ വായിക്കാം എഴുതാം | ♦ വായന കാർഡ് കുട്ടിക്ക് നൽകുന്നു<br>♦ വായനാ കാർഡിൽ നിന്ന് ലഘു വാക്യങ്ങൾ തെറ്റുകൂടാതെ പകർത്തിയെഴുതിക്കുന്നു<br>♦ എഴുതിയ വാക്യങ്ങൾ വായിപ്പിക്കുന്നു<br>♦ തനിച്ച് ഉച്ചത്തിൽ വായിപ്പിക്കുന്നു | സെപ്തംബർ |
| ♦ ചിത്രങ്ങൾ നിരീക്ഷിച്ച് ചിത്രത്തിൽ കാണുന്ന കാര്യങ്ങൾ വാക്കുകളിൽ എഴുതുന്നു | ♦ ചിത്രത്തിൽ എന്തൊക്കെ | ♦ പ്രകൃതിയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ കുട്ടികളെ കാണിക്കുന്നു<br>♦ ചിത്രത്തിൽ എന്തൊക്കെയുണ്ടെന്ന് പറയിപ്പിക്കുന്നു<br>♦ ചിത്രത്തിൽ കണ്ടത് ശരിയായ പദങ്ങളായി എഴുതുന്നു. വായിക്കുന്നു | ഒക്ടോബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ സ്വായത്തമാക്കിയ പദങ്ങൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ വാക്യങ്ങൾ എഴുതുന്നു | ♦ വാക്യങ്ങൾ ഉണ്ടാക്കാം | ♦ ചിത്രങ്ങൾ കാണിക്കുന്നു<br>♦ ചിത്രത്തിൽ എന്തെല്ലാം പറയിപ്പിക്കുന്നു<br>♦ അത് എഴുതിക്കുന്നു<br>♦ എഴുതിയ പദങ്ങൾ കൂട്ടിച്ചേർത്ത് ചെറിയ വാക്യങ്ങൾ നിർമ്മിക്കുന്നു<br>♦ കുട്ടികൾ എഴുതിയ വാക്യങ്ങൾ അവതരിപ്പിക്കുന്നു | നവംബർ |
| ♦ സ്വായത്തമാക്കിയ പദങ്ങളും വാക്യങ്ങളും ഉപയോഗിച്ച് ലഘുവിവരണം തയ്യാറാക്കുന്നു | ♦ കണ്ടെത്താം വിവരിക്കാം എഴുതാം | ♦ ചിത്രകാർഡ് കുട്ടികളെ കാണിക്കുന്നു<br>♦ ചിത്ര കാഴ്ച പദങ്ങളായി എഴുതുന്നു<br>♦ ചെറുവാക്യങ്ങൾ എഴുതുന്നു<br>♦ എഴുതിയ വാക്യങ്ങൾ ഉപയോഗിച്ച് ചെറുവിവരണം തയ്യാറാക്കുന്നു | ഡിസംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| ♦ സ്വാഭാവികമായ സന്ദർഭങ്ങളിൽ ആശയ തുടർച്ചയോടെ സംഭാഷണങ്ങളിൽ ഏർപ്പെടുകയും എഴുതുകയും ചെയ്യുന്നു | ♦ പറഞ്ഞതെന്തൊക്കെ | ♦ ടീച്ചർ ഒരു കഥ അവതരിപ്പിക്കുന്നു<br>♦ കഥയിലെ കഥാപാത്രങ്ങളുടെ സംഭാഷണം കണ്ടെത്തുന്നു<br>♦ സംഭാഷണം എഴുതുന്നു<br>♦ എഴുതിയ സംഭാഷണം വായിക്കുന്നു<br>♦ കൂടുതൽ കൂട്ടിച്ചേർക്കുന്നു | ജനുവരി |
| ♦ കഥയുടെ തുടർച്ച കഥാംശം ചോർന്നുപോകാതെ എഴുതുന്നു<br>♦ സമാനതകളുള്ള വരികൾ ചേർത്ത് കവിത പൂർത്തിയാക്കുന്നു | ♦ കഥയെഴുതാം<br>♦ വരികൾ കൂട്ടിച്ചേർക്കാം | ♦ കഥയുടെ കുറച്ച് ഭാഗം കുട്ടിക്ക് നൽകുന്നു<br>♦ കഥയുടെ ആശയം പറയിപ്പിക്കുന്നു<br>കഥയുടെ ബാക്കിഭാഗം കുട്ടിയെക്കൊണ്ട് പറയിപ്പിക്കുന്നു<br>♦ കഥ വികസിപ്പിച്ച് എഴുതുന്നു. അവതരിപ്പിക്കുന്നു<br>♦ കവിതാഭാഗം നൽകുന്നു<br>♦ ഈണത്തിൽ ചൊല്ലുന്നു<br>♦ വരികൾ കൂട്ടിച്ചേർക്കുന്നു<br>അവതരിപ്പിക്കുന്നു. ഈണത്തിൽ ചൊല്ലുന്നു | ഫെബ്രുവരി - മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 2 - ഗണിതം

# ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു | ♦ എണ്ണാം എണ്ണാം | ♦ സംഖ്യാ കാർഡ് കുട്ടികൾക്ക് നൽകുന്നു<br>♦ കുട്ടി കിട്ടിയ സംഖ്യകൾ പറയുന്നു<br>♦ 1 മുതൽ 10 വരെ സംഖ്യാ കാർഡുകൾ കിട്ടിക്കഴിയുമ്പോൾ അത് ക്രമമായി പറയുന്നു<br>♦ 100 വരെ സംഖ്യാ കാർഡ് നൽകി ക്രമമായി പറയിപ്പിക്കുന്നു | ജൂൺ |
| ♦ ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു<br>♦ ക്രമത്തിലാക്കുന്നു<br>♦ ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നു | ♦ എണ്ണാം എഴുതാം ക്രമത്തിലാക്കാം<br>♦ ഏതെല്ലാം രൂപങ്ങൾ | ♦ സംഖ്യാ കാർഡ് നൽകുന്നു<br>♦ കിട്ടിയ സംഖ്യകൾ എഴുതുന്നു വായിപ്പിക്കുന്നു<br>♦ ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമത്തിൽ എഴുതിക്കുന്നു<br>♦ കുട്ടികൾ ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നു<br>♦ ജ്യാമിതീയ രൂപം ഉൾപ്പെട്ട ചിത്രം വരയ്ക്കുന്നു | ജൂലൈ |
| ♦ രണ്ടക്ക സംഖ്യകളെ പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങളാക്കുന്നു | ♦ കൂട്ടങ്ങൾ ആക്കുന്നു | ♦ സംഖ്യാ കാർഡുകൾ കുട്ടികൾക്ക് നൽകുന്നു<br>രണ്ടക്ക സംഖ്യകൾ കാർഡുകൾ ഉപയോഗിച്ച് ഉണ്ടാക്കുന്നു<br>കിട്ടിയ സംഖ്യ പറയുന്നു<br>സംഖ്യയിൽ എത്ര പത്ത്, എത്ര ഒന്ന് പറയുന്നു, എഴുതുന്നു. | ആഗസ്റ്റ് |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ◆ രണ്ടക്ക സംഖ്യയെ സന്ദർഭത്തിനനുസരിച്ച് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | ◆ മാറ്റാം എഴുതാം<br>◆ പ്രദർശിപ്പിക്കാം | ◆ ഓരോ കുട്ടിയും ഒരു രണ്ടക്ക സംഖ്യ എഴുതുന്നു<br>ആ രണ്ടക്ക സംഖ്യയെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു<br>രണ്ടക്ക സംഖ്യകളെ വ്യത്യസ്ത രീതിയിൽ അബാക്കസിൽ പ്രദർശിപ്പിക്കുന്നു | സെപ്തംബർ |
| ◆ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു | ◆ കച്ചവടം | ◆ കുട്ടികളുടെ ഉപയോഗ സാധനവുമായി ബന്ധപ്പെട്ടത് (പേന, പെൻസിൽ, റബർ etc...) വില വിവരപ്പട്ടിക തയ്യാറാക്കൽ<br>2 അക്കസംഖ്യയുമായി പ്രശ്നങ്ങൾ നൽകുന്നു. കുട്ടികൾ അവയ്ക്ക് ഉത്തരം കണ്ടെത്തുന്നു | ഒക്ടോബർ |
| ◆ സംഖ്യാ ബന്ധങ്ങൾ നോക്കി പാറ്റേൺ രൂപീകരിക്കുന്നു<br>കലണ്ടർ നോക്കി നിശ്ചിത തിയ്യതി കണ്ടെത്തുന്നു | ◆ പാറ്റേൺ ഉണ്ടാക്കാം<br>◆ ദിവസം കണ്ടെത്താം | ◆ സംഖ്യാ ബന്ധവുമായി ബന്ധപ്പെട്ട പാറ്റേണുകൾ കുട്ടികൾക്ക് നൽകുന്നു. കുട്ടികൾ പൂർത്തിയാക്കുന്നു.<br>◆ കുട്ടികളെ കലണ്ടർ കാണിക്കുന്നു<br>◆ കലണ്ടർ ദിവസങ്ങൾ പരിചയപ്പെടുന്നു<br>◆ ഒരു തിയ്യതി പറഞ്ഞിട്ട് ആ തിയ്യതിയിലെ ദിവസം കണ്ടെത്തുന്നു | ഒക്ടോബർ - നവംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | ♦ സംഖ്യാചക്രം | ♦ കുട്ടികൾക്ക് 2 അക്ക സംഖ്യ ഉൾപ്പെടുന്ന സംഖ്യാ ചക്രങ്ങൾ നൽകുന്നു<br>♦ സംഖ്യാചക്രത്തിൽ നിന്ന് സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നൽകുന്നു<br>♦ കുട്ടികൾ പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | നവംബർ - ഡിസംബർ |
| ♦ ഒരു വസ്തുവിന്റെ നീളം അളന്നു തിട്ടപ്പെടുത്തുന്നതിന് | ♦ അളക്കാം എഴുതാം | ♦ അംഗീകൃതമായ ഏകകം നൽകി വിവിധ വസ്തുക്കളുടെ നീളം അളന്ന് എഴുതുന്നു.<br>♦ വിവിധ വസ്തുക്കളുടെ നീളം അളന്ന് താരതമ്യം ചെയ്യുന്നു | ഡിസംബർ - ജനുവരി |
| ♦ രണ്ടക്ക സംഖ്യകളുടെ സങ്കലന വ്യവകലന ക്രിയകൾ ചെയ്യുന്നതിന് | ♦ ചെയ്തു നോക്കാം | ♦ അധ്യാപിക ഒരു സംഖ്യ ബോർഡിൽ എഴുതുന്നു<br>♦ വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ എടുക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു<br>♦ കുട്ടികൾ ക്രിയ ചെയ്യുന്നു<br>♦ ആരുടെ ഉത്തരമാണ് ബോർഡിലുള്ളതെന്ന് കണ്ടെത്തുന്നു | ഫെബ്രുവരി - മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 2 - ഇംഗ്ലീഷ്

# ENGLISH

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| ♦ Say some words about the picture<br>Write some words about the picture | ♦ Graphic reading | ♦ Teacher shows a picture<br>♦ Descussion<br>♦ Children talk about the picture<br>♦ Then write some words about the picture<br>♦ Show leaners - gives opportunity to express their idea in malayalam | June |
| ♦ Arranges word in alphabetical order<br>♦ Describe vegetables using appropriate names & words | ♦ Making order<br><br>Description | ♦ Teacher write some words in the black board<br>♦ Introduce the words<br>♦ Arranging the words in alphabetical order<br>♦ Draw the picture of vegetables<br>♦ Colouring & describe the picture | June to March |
| ♦ Wrote simple conversations suited to the context | ♦ Conversation | ♦ Teacher say some words and write it on the B.B.<br>♦ Write a conversation using these words<br>♦ Reading the conversation<br>♦ Conversation is acting with friends | July to March |

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| ♦ Write simple conversations suited to the context | ♦ Conversation | ♦ Teacher say some words and write it on the B.B.<br>♦ Write a conversation using these words<br>♦ Reading the conversation<br>♦ Coversation is acting with friends | July to March |
| ♦ Read & understands the given simple stories | ♦ Let's read | ♦ Provides the opportunity to read simple stories<br>♦ They tell the families words from the story.<br>♦ They tell the meaning of story in malayalam | September to March |
| ♦ Identify natural objects such as trees, fire, wind, cloud which appear as character | ♦ Let's see | ♦ Teacher show the picture of nature<br>♦ Give the opportunity to identify natural objects<br>♦ Teacher asking questions about the nature | September to March |

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| ♦ Undertake simple project work | ♦ Project works | ♦ Gives Instructions<br>♦ Data collection | October - November |
| ♦ Identifies the sounds made by different animals | ♦ Hearing & telling | ♦ Teacher provides the opportunity to hear different sounds of animals<br>♦ Give opportunity to tell the name of animals | December |
| ♦ Describe events and pictures using appropriate vocabulary<br>Identify and describe the position of objects and persons | ♦ Matching | ♦ Teacher shows the picture of different rooms<br>♦ Then teacher shows the uses of rooms written<br>♦ Ask the children to match the rooms with their uses | January |
| ♦ Comprehend and enjoy simple stories<br>♦ Enjoy riddles | ♦ Reading and enjoying | ♦ Provide opportunity to read simple stories<br>♦ Give opportunity to say something about that story<br>♦ Helping the children to make simple sentence<br>♦ Gives the children some opportunity to hear & answer simple riddles. | January |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 3 - മലയാളം

# ആമുഖം

"കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യതാ ഒരുക്കേണ്ടത്. കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും. മാനസികവുമായ നേട്ടങ്ങളും വൈജ്ഞാനികവുമായ നേട്ടത്തോടൊപ്പം കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യം വെക്കുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതയുള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്. കുട്ടികളിൽ തുല്യതയും ഗുണനിലവാരമുള്ളതുമായി വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം നമ്മെ സഹായിക്കുന്നു"

# മലയാളം

ക്ലാസ്സ് – 3

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ കണ്ടതോ, കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയുന്നു | ♦ കണ്ടെത്താം പറയാം | ♦ ചിത്ര നിരീക്ഷണം നടത്തുന്നു<br>♦ ചിത്രത്തിൽ എന്തൊക്കെ പറയുന്നു<br>♦ ബുക്കിൽ ചിത്രം കളർ ചെയ്യുന്നു<br>♦ ചിത്രത്തിൽ കണ്ട കാര്യങ്ങൾ ക്രമമായി വാക്യരൂപത്തിൽ പറയുന്നു | ജൂൺ |
| ♦ കുട്ടിക്കവിതകൾ ഈണം താളം എന്നിവയോടെ ചൊല്ലി അവതരിപ്പിക്കുന്നു | ♦ ഈണത്തിൽ ചൊല്ലാം | ♦ പ്രകൃതിയുമായി ബന്ധപ്പെട്ട കവിതകൾ ഈണത്തിൽ ചൊല്ലുന്നു<br>♦ കവിതകൾ കൈമാറി ചൊല്ലുന്നു<br>♦ വ്യത്യസ്ത ഈണവും താളവും കണ്ടെത്തുന്നു | |
| ♦ ലഘു വിവരണങ്ങൾ വായിച്ച് ആശയങ്ങൾ കണ്ടെത്തി പറയുന്നു, എഴുതുന്നു. | ♦ വായിക്കാം പറയാം<br>♦ എഴുതാം വളരാം | ♦ വായനാ കാർഡ്<br>♦ നിശബ്ദ വായന<br>♦ ഉച്ചത്തിൽ വായന<br>♦ ആശയങ്ങൾ എഴുതുന്നു | ജൂലൈ - ആഗസ്ത് |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ സ്വന്തം ആശയങ്ങൾ ലഘു വാക്യത്തിൽ എഴുതുന്നു | ♦ വായിക്കാം<br>♦ എഴുതാം | ♦ വായനാ കാർഡ് നൽകുന്നു<br>♦ ലഘുവാക്യങ്ങൾ സ്വയം എഴുതുന്നു<br>♦ തെറ്റുകൾ തിരുത്തി മനസിലാക്കുന്നു<br>♦ എഴുതിയ വാക്യങ്ങൾ വായിപ്പിക്കുന്നു | സെപ്തംബർ |
| ♦ ചിത്രങ്ങൾ നിരീക്ഷിച്ച് ചിത്രത്തിൽ കുട്ടി കാണുന്ന കാര്യങ്ങൾ എഴുതുന്നു | ♦ ചിത്രത്തിൽ എന്തൊക്കെ? | ♦ പ്രകൃതിയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ കാണിക്കുന്നു (പാഠ പുസ്തകത്തിലെ ചിത്രങ്ങൾ)<br>♦ കണ്ട കാഴ്ചകൾ പറയിപ്പിക്കുന്നു<br>♦ പറഞ്ഞ കാര്യങ്ങൾ വാക്യത്തിൽ എഴുതിപ്പിക്കുന്നു | ഒക്ടോബർ |
| ♦ സ്വായത്തമാക്കിയ പദങ്ങൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ വാക്യങ്ങൾ എഴുതുന്നു | ♦ വാക്യങ്ങൾ ഉണ്ടാക്കാം | ♦ ചിത്രങ്ങൾ കാണിക്കുന്നു<br>♦ പദങ്ങൾ കൂട്ടിച്ചേർക്കുന്നു<br>♦ വാക്യങ്ങൾ നിർമ്മിക്കുന്നു<br>♦ അവതരണം | നവംബർ |
| ♦ ലഘു വിവരണം തയ്യാറാക്കുന്നു | ♦ വായിക്കാം എഴുതാം | ♦ പദങ്ങൾ ഉപയോഗിച്ച് ചെറു വിവരണങ്ങൾ തയ്യാറാക്കുന്നു | ഡിസംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ സ്വാഭാവികമായ സന്ദർഭങ്ങളിൽ ആശയ തുടർച്ചയോടെ സംഭാഷണങ്ങളിൽ ഏർപ്പെടുന്നു. അവ എഴുതിച്ചേർക്കുന്നു | ♦ പറഞ്ഞും കേട്ടും | ♦ കഥ അവതരിപ്പിക്കുന്നു<br>♦ കഥാപാത്രങ്ങൾ കുട്ടികൾ തന്നെ ആകുന്നു<br>♦ കഥയിലെ സംഭാഷണങ്ങൾ കഥാപാത്രങ്ങൾ പറയുന്നു<br>♦ സംഭാഷണമായി സ്വയം എഴുതുന്നു<br>കൂട്ടിച്ചേർക്കലുകൾ നടത്തുന്നു | ജനുവരി |
| ♦ ചിഹ്നങ്ങൾ കൃത്യസ്ഥാനത്ത് ചേർത്ത് വാക്യങ്ങൾ നിർമ്മിക്കുന്നു | ♦ ചിഹ്നങ്ങൾ ആശയങ്ങൾ | ♦ ചിഹ്നങ്ങൾ ICT സഹായത്തോടെ ഉറപ്പിക്കുന്നു<br>♦ കൂടുതൽ ഉദാഹരണങ്ങൾ നൽകുന്നു. | ഫെബ്രുവരി |
| ♦ സമാനതകളുള്ള വരികൾ ചേർത്ത് കവിത പൂർത്തിയാക്കുന്നു | ♦ വരികൾ കൂട്ടിച്ചേർക്കാം | ♦ കവിതാഭാഗം നൽകുന്നു<br>♦ ഈണത്തിൽ ചൊല്ലുന്നു<br>♦ വരികൾ കൂട്ടിച്ചേർക്കുന്നു<br>♦ അവതരണം<br>♦ മികവുറ്റവയ്ക്ക് പ്രോത്സാഹനം | ഫെബ്രുവരി - മാർച്ച് |
| | | ♦ ക്ലാസ് പി.ടി.എ. നടത്തുന്നു<br>♦ വായനയിലും എഴുത്തിലും കുട്ടി നേടിയ കാര്യങ്ങൾ രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നു<br>♦ മികവുകൾ പരിചയപ്പെടുത്തുന്നു<br>♦ സൃഷ്ടികൾ അവതരിപ്പിക്കുന്നു | മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 3 - പരിസര പഠനം

# പരിസര പഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ പരിസരത്തിന് സൗന്ദര്യ മനോഭാവം വളർത്തിയെടുക്കുക.<br>♦ ജീവനുള്ളവ ജീവനില്ലാത്തവ എന്നിവ പ്രകൃതിയിൽ നിന്നു കണ്ടെത്തി പട്ടികപ്പെടുത്തുന്നു. | ♦ പ്രകൃതി നടത്തം<br>♦ സസ്യ നിരീക്ഷണം | ♦ ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിക്കുകയും, ജീവനുള്ളവ, ജീവനില്ലാത്തവ എന്നിവയുടെ പ്രത്യേകതകൾ മനസിലാക്കുകയും ചെയ്യുന്നു.<br>♦ ജീവനുള്ളവയുടെയും ജീവനില്ലാത്തവയുടെയും പ്രത്യേകതകൾ - ചാർട്ട് | ജൂൺ - മാർച്ച് |
| ♦ ജീവികളെ സഞ്ചാര രീതിയനുസരിച്ചും ആഹാര രീതിയനുസരിച്ചും തരംതിരിച്ചെഴുതാൻ കഴിയുന്നു<br>♦ സസ്യങ്ങൾ നട്ടുവളർത്തണം - തീരുമാനം | ♦ ജീവികളെ നിരീക്ഷണം<br>♦ തൈ നടൽ | ♦ ആഹാര രീതിയനുസരിച്ച് ജീവികളെ പട്ടികപ്പെടുത്തുന്നു. ആഹാര രീതിക്കനുസരിച്ചുള്ള ശാരീരിക പ്രത്യേകതകൾ കണ്ടെത്തുന്നു.<br>♦ ആവശ്യമായിക്കൊണ്ടിരിക്കുന്ന ഫല വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നു | ജൂലൈ - ആഗസ്റ്റ് |
| ♦ ജലസ്രോതസ്സുകൾ കണ്ടെത്തി പറയുന്നു<br>♦ പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ രേഖപ്പെടുത്താൻ കഴിയുന്നു | ♦ വീടു സന്ദർശനം<br>♦ പ്രകൃതി നടത്തം<br>♦ പ്രകൃതി നിരീക്ഷണം | ♦ കുടിവെള്ളത്തിനായി നാം ഉപയോഗിക്കുന്ന ജലസ്രോതസ്സുകൾ നിരീക്ഷിച്ച് പട്ടികപ്പെടുത്തുന്നു<br>♦ മഴയ്ക്കു ശേഷം - ചാർട്ട് | ആഗസ്റ്റ് |
| ♦ ആഹാരത്തിലൂടെയും കുടിവെള്ളത്തിലൂടെയും പകരാൻ സാധ്യതയുള്ള രോഗങ്ങൾ തിരിച്ചറിയുന്നു | ♦ ശുചിത്വ ശീല ആചരണം സ്കൂൾ- വീട് നിരീക്ഷണം<br>♦ വേസ്റ്റ് ബിൻ നിർമ്മാണം | ♦ സ്കൂൾ കിണർ നിരീക്ഷണം<br>♦ കിണറുകൾ മലിനമാകുന്ന സാഹചര്യങ്ങൾ ലിസ്റ്റ് ചെയ്യൽ<br>♦ ജലസംരക്ഷണം - പോസ്റ്റർ നിർമ്മാണം | സെപ്തംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| ♦ നല്ല ആഹാരശീലങ്ങൾ നിർദ്ദേശിക്കുവാനും പാലിക്കുവാനും കഴിയുന്നു | ♦ ചെക്ക് ലിസ്റ്റ് പൂരിപ്പിക്കൽ<br>♦ ഉച്ചഭക്ഷണ വിഭവങ്ങൾ പട്ടികപ്പെടുത്തൽ | ♦ വ്യക്തി ശുചിത്വം, ക്ലാസ്സ്, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ - സെപ്തംബർ |
| ♦ തൊഴിലിന്റെ മഹത്വം തിരിച്ചറിയാൻ കഴിയുന്നു | ♦ ചിത്രവായന<br>♦ ചർച്ച - തൊഴിലിന്റെ മഹത്വം | ♦ എന്നാൽ ഞാനോ എന്ന ഭാഗം പൂരിപ്പിക്കൽ<br>♦ പട്ടിക പൂർത്തിയാക്കൽ<br>♦ തൊഴിലുകൾ ലിസ്റ്റിംഗ് | ഒക്ടോബർ |
| ♦ ചിത്രശലഭങ്ങളുടെ ജീവിതചക്രത്തിലെ വിവിധ ഘട്ടങ്ങൾ പറയാൻ കഴിയുന്നു | ♦ ജീവിതചക്രം വരയ്ക്കൽ | ♦ ചിത്രശലഭങ്ങളുടെ ജീവിതചക്രം നിരീക്ഷിക്കൽ - വീഡിയോ ക്ലിപ്പിംഗ് | നവംബർ |
| ♦ റോഡപകടങ്ങൾ ഉണ്ടാകാനുള്ള കാരണങ്ങൾ തിരിച്ചറിയുന്നത് | ♦ കാൽനട യാത്രക്കാരും റോഡപകടങ്ങളും - ചർച്ച | ♦ അപകട കാരണങ്ങൾ പട്ടികപ്പെടുത്തൽ വായനാക്കുറിപ്പിൽ നിന്ന് ആശയങ്ങൾ കണ്ടെത്തൽ | ജനുവരി |
| ♦ ഭൂമിയിൽ രാത്രിയും പകലും ഉണ്ടാകുന്നത് എങ്ങനെയെന്ന് വിശദീകരിക്കുന്നു | ♦ ഗ്ലോബ് നിരീക്ഷണം | ♦ പരീക്ഷണം - ഇരുട്ടും വെളിച്ചവും<br>♦ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>♦ ഭൂമിയുടെ ചിത്രം വരയ്ക്കൽ | ഫെബ്രുവരി |
| ♦ വീട്, വസ്ത്രം എങ്ങനെയൊക്കെ പ്രയോജനപ്രദമാണെന്ന് മനസിലാക്കാൻ കഴിയുന്നു | ♦ വീട് - നിർമ്മാണഘട്ടം - വീഡിയോ<br>വസ്ത്രനിർമ്മാണ വസ്തുക്കൾ - ചർച്ച | ♦ വീട്ടിലെ മുറികളുടെ ഉപയോഗം പട്ടികപ്പെടുത്തൽ<br>സ്കൂൾ പരിസരത്തെ വീടുകൾ - നിരീക്ഷണം<br>എന്റെ വീട് - കുറിപ്പ് | മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 3 - ഗണിതം

# ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ സംഖ്യയെ സ്ഥാനവിലയ്ക്കനുസരിച്ച് പിരിച്ചെഴുതുന്നു | ♦ കളങ്ങൾ പൂർത്തിയാക്കൽ<br>♦ പട്ടിക പൂർത്തിയാക്കൽ | ♦ ഗണിത വിജയം കളികൾ<br>♦ സംഖ്യകൾ എഴുതിയ കാർഡ് കുട്ടിക്ക് നൽകുന്നു. കിട്ടിയ സംഖ്യ വായിക്കുന്നു<br>♦ സംഖ്യകൾ ആരോഹണ, അവരോഹണക്രമത്തിൽ പറയുന്നു. | ജൂൺ |
| ♦ 999 വരെയുള്ള സംഖ്യകൾ വായിക്കുന്നു<br>പ്രശ്ന പരിഹാരത്തിന് മൂന്നക്ക സംഖ്യകൾ ഉപയോഗിക്കുന്നു | ♦ മൂന്നക്ക സംഖ്യകൾ ഉണ്ടാക്കൽ | ♦ ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതുന്നു. അതിനടുത്തുള്ള സംഖ്യ എഴുതുന്നു<br>♦ ഇവയെ കളിനോട്ട് ഉപയോഗിച്ച് 1, 10, 100 ന്റെ കൂട്ടങ്ങളായി മാറ്റുന്നു<br>♦ ഓരോ കുട്ടി ഓരോ മൂന്നക്ക സംഖ്യ എഴുതുന്നു. | ജൂലൈ |
| ♦ സംഖ്യാ ക്രമത്തിലെ യുക്തി വിശദീകരിക്കുന്നു | ♦ സംഖ്യ പറയൽ | ♦ സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു.<br>♦ കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കുന്നു<br>♦ 100 വീതം കൂട്ടി 1000 വരെ പറയുന്നു. | ആഗസ്ത് |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ പ്രശ്നപരിഹാരത്തിന്റെ വ്യത്യസ്ത രീതികൾ വിശദീകരിക്കുന്നു | ♦ ക്രിയകൾ ചെയ്യൽ | ♦ സംഖ്യാചക്രം കൊണ്ട് 2 സംഖ്യകൾ തിരഞ്ഞെടുക്കുന്നു<br>♦ അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം ഇവ കണ്ടെത്തുന്നു | സെപ്തംബർ |
| ♦ സംഖ്യകളുടെ പ്രത്യേകതകൾ സംബന്ധിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു. | ♦ സംഖ്യാ പാറ്റേണുകൾ വിശകലനം ചെയ്യൽ | ♦ ഗണിത വിജയം കളികൾ - തുടർച്ച<br>ബ്ലാക്ക് ബോർഡിൽ സംഖ്യ എഴുതുന്നു<br>♦ വിവിധ ക്രിയകൾ അടങ്ങിയ നമ്പറുകൾ കുട്ടികൾക്ക് നൽകൽ<br>♦ ക്രിയ ചെയ്ത് ആരുടെ ഉത്തരമാണ് ബ്ലാക്ക് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്തുന്നു. | ഒക്ടോബർ |
| ♦ നിശ്ചിത സമയങ്ങൾക്കിടയിലുള്ള സമയദൈർഘ്യം കണക്കാക്കുന്നു. | ♦ ക്ലോക്ക്, കലണ്ടർ, സമയം, മാസം, ആഴ്ച - കണ്ടെത്തൽ | ♦ ക്ലോക്കിൽ നിന്ന് സൂചിയുടെ സ്ഥാനം നോക്കി സമയം മനസ്സിൽ പറയുന്നു, എഴുതുന്നു, ക്രമീകരിക്കുന്നു.<br>♦ കലണ്ടർ നോക്കി ഇംഗ്ലീഷ്, മലയാളം മാസങ്ങൾ - ദിവസം, ആഴ്ച, മാസം, വർഷം ഇവ തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു. | നവംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ നീളം അളവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | ♦ വിവിധ വസ്തുക്കളുടെ അളവുകൾ എടുക്കൽ | ♦ നീളം അളക്കുന്നതിന് സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിക്കുന്നു.<br>സ്കെയിൽ ഉപയോഗിച്ച് ബെഞ്ച് ഡസ്ക് അളക്കുന്നു. | ഡിസംബർ |
| ♦ പണം കൈകാര്യം ചെയ്യുന്നതിന് ശേഷി കൈവരിക്കുന്നു. | ♦ നോട്ട് - കളികൾ | ♦ കച്ചവട കണക്ക് - ക്ലാസിൽ കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ എന്നിവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>കളിനോട്ട് ഉപയോഗിച്ച് കച്ചവടങ്ങൾ നടത്തുന്നു. | ജനുവരി |
| ♦ ഭാരവുമായി ബന്ധപ്പെട്ട പ്രശ്ന പരിഹരണം | ♦ ഭാരത്തിന്റെ യൂണിറ്റുകൾ വിശദീകരിക്കുന്നു | ♦ ത്രാസ്, അളവുപാത്രങ്ങൾ ഉപയോഗച്ച് പ്രവർത്തനം<br>♦ ഗണിതവിജയ പ്രവർത്തനങ്ങളിൽ ഉറപ്പ് വരുത്തൽ | ഫെബ്രുവരി - മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 3 - ഇംഗ്ലീഷ്

# ENGLISH

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| ♦ Identify naming words.<br>♦ Make simple sentences<br>♦ Symbol description | ♦ Games, action songs conversation | ♦ Completing sentences asing contract forms<br>♦ Matching animals and that home.<br>♦ Tracing words from puzzle song - adding lines<br>♦ Crossword puzzle | June |
| ♦ Develop a creative speaking and writhing | ♦ Speach, self introduction, crossword | ♦ Identifying rhyming words completing word web picture, desription with describing words.<br>♦ Make riddles, conversation<br>♦ Writing about one slef and others. | July - August |
| ♦ Undertakes simple project work. | ♦ Scrab - book preperation | ♦ Collecting pictures and classifies them<br>♦ Describing the pictures | September |

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| ♦ Understands simple questions starting with where, why, how etc...<br>♦ Describes a place | ♦ Preparing questions<br>Interview | ♦ Each student conduct interview<br>Students preparing questions and writing it using the question words.<br>♦ Describing about persons and places what they know | October - November |
| ♦ Writes dialogues<br>♦ Introduce people using this, that | ♦ Advertisement<br>♦ Cartoon | ♦ Preparing advertisement<br>♦ Describing things using this and that | December - January |
| ♦ Identifies words related to class room<br>♦ Responds to commends and requests<br>♦ Expresses likes and dislikes | ♦ Preparing descriptions<br>♦ Describing a routine | ♦ Teacher makes each student to describe the clas room playing a skit - uising commands and requests<br>Students are explaining about their routines in daily life including their likes and dislikes | February - March |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 4 - മലയാളം

# ആമുഖം

വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. കോവിഡാനന്തരം കുട്ടികളിൽ ഉള്ള വൈകാരിക - സാമൂഹിക പ്രശ്നങ്ങൾ മറി കടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക. പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. അതുപോലെ തന്നെ കുട്ടികളുടെ പഠന കാര്യത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തുവാനും പദ്ധതി ലക്ഷ്യമിടുന്നു.

# മലയാളം

ക്ലാസ്സ് – 4

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ അക്ഷരസ്ഫുടമായി ആശയ വ്യക്തതയോടെയുള്ള വായന | ♦ ആശയം പറയാം | ♦ കുട്ടിക്ക് കഥാ പുസ്തകം / വായനാ കാർഡ് എന്നിവ നൽകുന്നു.<br>നിശബ്ദ വായന<br>വായിച്ചറിഞ്ഞ ആശയം പറയൽ | ജൂൺ |
| | ♦ വായിക്കാം കൂട്ടുകാരെ | ♦ കുട്ടിക്ക് വായനാ കാർഡ് നൽകുന്നു.<br>♦ നിശബ്ദ വായന<br>♦ ഉച്ചത്തിൽ പറയാം | ജൂലൈ |
| | ♦ വായിക്കാം അഭിപ്രായം പറയാം | ♦ കുട്ടിക്ക് കഥ കാർഡ് നൽകുന്നു<br>♦ വായിച്ച് അവതരിപ്പിക്കാൻ അവസരം നൽകുന്നു<br>♦ കഥാപാത്ര വിശകലനവും, ചർച്ചയും | ആഗസ്റ്റ് |
| | ♦ ക്ലാസ് റൂം ലൈബ്രറി | ♦ ക്ലാസ്സ് റൂം ലൈബ്രറി ഒരുക്കുന്നു<br>♦ പുസ്തകം കുട്ടികൾക്ക് വിഭജിച്ച് നൽകുന്നു<br>♦ പുസ്തക വിതരണം | സെപ്തംബർ - ഒക്ടോബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| ♦ കുട്ടിയുടെ സർഗ്ഗ രചനയുടെയും ആവിഷ്കാരത്തിന്റെയും പരിപോഷണം | ♦ കവിത, കഥ എന്നിവ കുട്ടി സ്വന്തം ഭാഷയിൽ എഴുതുവാൻ പരിശ്രമിക്കുന്നു | ♦ ഐ.സി.ടി ഉപയോഗിച്ചുള്ള കഥ കാണൽ<br>♦ കഥ സ്വയം എഴുതൽ<br>♦ അധ്യാപകന്റെ ഇടപെടൽ<br>♦ തിരുത്തി എഴുതൽ | നവംബർ - ഡിസംബർ |
| | ♦ എന്തെല്ലാം കാഴ്ചകൾ | ♦ കുട്ടിക്ക് രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പെഴുതാൻ അവസരം<br>♦ ഓഡിയോ - വീഡിയോ പ്രദർശനം | ജനുവരി - ഫെബ്രുവരി |
| | ♦ സർഗ്ഗാത്മക രചന | ♦ കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതുവാൻ അവസരം<br>കൂട്ടുകാർക്ക് മുന്നിൽ അവതരണം | മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 4 - ഗണിതം

# ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ സംഖ്യാബോധം 1 - 1000 വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു | ♦ 10 ചങ്ങാതിമാർ | ♦ സംഖ്യ നറുക്ക് എടുക്കുന്നു<br>കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച് തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം | ജൂൺ |
| | ♦ പാറ്റേൺ പൂർത്തിയാക്കാം | ♦ വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കൽ | ജൂലൈ |
| | ♦ ക്രമത്തിലാക്കാം | ♦ ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>കളി നോട്ട് ഉപയോഗിച്ച് 1, 10, 100, 1000ന്റെ കൂട്ടങ്ങളാക്കി മാറ്റാം | ആഗസ്റ്റ് |
| ♦ മൂന്നക്ക, നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | ♦ സംഖ്യാ സൂര്യൻ | ♦ ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>ഗ്രൂപ്പായി തിരിഞ്ഞ് എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റിയെഴുതണം | സെപ്തംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ♦ ക്ലാസിൽ ഒരു കട<br>♦ കച്ചവട കണക്ക് | ♦ കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം എന്നിവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു<br>♦ ആവശ്യമുള്ളവ അളന്നെടുക്കുന്നു | ഒക്ടോബർ |
| ♦ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | ♦ സംഖ്യാ ക്രമം | ♦ സംഖ്യാചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു അവ തമ്മിലുള്ള തുകയും, വ്യത്യാസവും, ഗുണനവും, ഹരണവും | നവംബർ - ഡിസംബർ |
| | ♦ ഭാഗ്യവാനെ കണ്ടെത്താം | ♦ അദ്ധ്യാപകൻ ബോർഡിൽ സംഖ്യ എഴുതുന്നു<br>♦ വിവിധ ക്രിയകൾ അടങ്ങിയ നറുക്ക് കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ നൽകുന്നു<br>♦ ക്രിയ ചെയ്യാം<br>♦ ഉത്തരം വിശകലനം ചെയ്യാൻ ശ്രമിക്കുന്നു | ജനുവരി - ഫെബ്രുവരി |
| | ♦ ജോഡി കണ്ടെത്താം | ♦ വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു<br>♦ കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം | മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 4 - ഇംഗ്ലീഷ്

# ENGLISH

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| ♦ Describe the picture | ♦ Picture description | ♦ The teacher shows a picture Discussion<br>♦ The children talk about the picture<br>♦ Give opportunity to express their idea in malayalam. | June - July |
| ♦ Arrange word in alphabetical order | ♦ Dictionary | ♦ Introducing the dictionary<br>♦ Gives words<br>♦ Arranging words in all practical order | August |
| ♦ Identifies rhyming words from the poem | ♦ Rhyming words | ♦ Plays the audio of song<br>♦ Let the learner sing after the audio<br>♦ Discussion<br>♦ Identifies rhyming words | September |
| ♦ Reads and understands the given stories and poems | ♦ Lets read | ♦ Provides the opportunity to read simple stories and poem<br>♦ They tell the story they read | October - November |
| ♦ Make simple riddles | ♦ Riddles | ♦ Gives children the opportunity to hear and answer simple riddles<br>♦ Makes simple riddles slow learners | December - January |
| ♦ Undertakes simple project work given | ♦ Project works | ♦ Gives instruction<br>♦ Data collection<br>♦ Codifying | February - March |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 4 - പരിസര പഠനം

# പരിസര പഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | ♦ പ്രകൃതി നടത്തം | ♦ പരിസരത്തെ ജീവികളെ നിരീക്ഷിക്കാം<br>♦ വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br>♦ പാരിസ്ഥിതിക പ്രശ്നങ്ങൾ ചർച്ച<br>♦ പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ പ്രവർത്തനം | ജൂൺ - ജൂലൈ |
| | ♦ ഒരു തൈ നടാം | ♦ പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് വൃക്ഷത്തൈ നടുന്നു<br>♦ നട്ട തൈയുടെ പരിപാലനം | ആഗസ്റ്റ് |
| | ♦ ദാഹജലം | ♦ പൂന്തോട്ടത്തിൽ വേനൽകാലത്ത് ദാഹജലം ഒരുക്കുന്നു<br>♦ കുട്ടികളിൽ സഹജീവികളോടുള്ള സഹാനുഭൂതി ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നു | സെപ്തംബർ - ഒക്ടോബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ വ്യക്തിശുചിത്വവും പരിസര ശുചിത്വവും | ♦ ദിനകൃത്യങ്ങൾ | ♦ ഓരോ ദിവസവും പ്രഭാതകൃത്യം കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധ്യം ചർച്ചയിലൂടെ ഉറപ്പിക്കുന്നു<br>♦ കുട്ടികളെ ഗ്രൂപ്പായി തിരിച്ച് ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിന് നൽകുന്നു | നവംബർ - ഡിസംബർ |
| | ♦ നമ്പർ വൺ | ♦ ക്ലാസ്സ് തലത്തിൽ ശുചിത്വ മത്സരം<br>♦ വ്യക്തിശുചിത്വം, ക്ലാസ്സ് റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു | ജനുവരി - ഫെബ്രുവരി |
| ♦ ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക | ♦ പരീക്ഷണങ്ങൾ | ♦ ശാസ്ത്ര മനോഭാവം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br>♦ പരീക്ഷണം സ്വയം ചെയ്യാൻ കുട്ടിക്ക് അവസരം<br>♦ പരീക്ഷണങ്ങൾ പരീക്ഷണരീതി എന്നിവ വിശദീകരിക്കുന്നു | മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. - മലയാളം

# ആമുഖം

നമ്മുടെ സംസ്കാരത്തിന്റെയും ജീവിത പുരോഗതി യുടെയും വേരുകൾ ആഴ്ന്നിറങ്ങിയിരിക്കുന്നത് മലയാളത്തിന്റെ വളക്കൂറുള്ള മണ്ണിലാണ്. വൈജ്ഞാ നികമായ ഏത് മേഖലയിലുമുള്ള അറിവുകൾ ഉൾക്കൊള്ളാൻ പ്രാപ്തമായ നിലവാരത്തിലേക്ക് മലയാള ഭാഷ ഉയർന്നു കഴിഞ്ഞു. മലയാളത്തിലെ ഉത്കൃഷ്ടമായ സാഹിത്യ രചനകൾ നൽകുന്ന ജീവിതബോധവും സൗന്ദര്യാനുഭൂതിയും നമ്മെ ഉത്തമ ജീവിത കാഴ്ചപ്പാടുകളിലേക്ക് നയിക്കുന്നു.

# മലയാളം UP

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ അക്ഷരത്തെറ്റു കൂടാതെ എഴുതുവാനും ആശയങ്ങളെ അവതരിപ്പിക്കുവാനും അവസരമൊരുക്കുന്നു | ♦ എഴുത്തുകൂട്ടം | ♦ ക്ലാസ്സ് ലൈബ്രറി പുസ്തകങ്ങൾ (വായനാമൂല) ഉൾപ്പെടുത്തി<br>♦ വായനാക്കുറിപ്പ് പതിപ്പ്<br>♦ ആസ്വാദന കുറിപ്പ്<br>♦ ചുമർ പത്രിക<br>♦ ഗ്രൂപ്പ് രചനകൾ<br>♦ പതിപ്പ് തയ്യാറാക്കൽ<br>♦ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ<br>♦ കഥകൾ<br>♦ കവിതകൾ, കവിതാ സമാഹാരങ്ങൾ | ജൂൺ - സെപ്തംബർ |
| | | ♦ ചെറുകഥ<br>♦ ചിത്രകഥ<br>♦ നാടകങ്ങൾ<br>♦ നോവലുകൾ<br>♦ യാത്രാക്കുറിപ്പുകൾ<br>(ഇവ പരിചയപ്പെടലും അഭിപ്രായങ്ങൾ രേഖപ്പെടുത്തലും) | ജൂൺ - ഡിസംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ തെറ്റു കൂടാതെ വായിക്കുവാനും മികച്ച മലയാള ഭാഷ രൂപപ്പെടുത്തുവാനും അവസരം ഒരുക്കുന്നു | ♦ വായനക്കളരി | ♦ വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>♦ സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>♦ സമീപ ഗ്രന്ഥശാല സന്ദർശനം, അംഗത്വം<br>♦ വായനോത്സവം സംഘടിപ്പിക്കൽ (ക്ലാസ് തലത്തിൽ)<br>♦ വായനാവാരം (വായനാദിന ഭാഗമായി)<br>♦ പത്ര വായന<br>♦ പുസ്തക ചർച്ച<br>♦ വായനാക്കുറിപ്പ് പതിപ്പ്<br>♦ ആസ്വാദകരമായ വായന, കവിതാലാപനം<br>♦ വായനാകാർഡ്<br>♦ കാവ്യക്കൂട്ടം | ജൂൺ -<br>ഡിസംബർ |
| ♦ ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | ♦ എന്റെ അവധിക്കാലം | ♦ പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവങ്ങൾ, അനുഭവക്കുറിപ്പ്, യാത്രാ വിവരണം, ചിത്രരചനയും അടിക്കുറിപ്പ് തയ്യാറാക്കലും) അവതരിപ്പിക്കുന്നു | ജൂൺ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| | ♦ ഭാഷാകേളി | ♦ അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം വളർത്തുന്നു<br>ഒരു പദം ഒരു കുട്ടി പറയുന്നു<br>♦ ഉദാ :- മാല തൊടുത്ത കുട്ടി 'ന' എന്ന അക്ഷരത്തിൽ തുടങ്ങുന്ന വാക്ക് (നാണം) പറയുന്നു. അടുത്ത കുട്ടി 'ന' യിൽ തുടങ്ങുന്ന വാക്ക് പറയുന്നു. കളി തുടരുന്നു | ജൂൺ - ജൂലൈ |
| | ♦ വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് | ♦ അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം<br>ഒരു വാക്ക് നൽകുന്നു ഉദാ:- മഴ ഇതെക്കുറിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു | ആദ്യ 4 മാസം |
| ♦ അർത്ഥപൂർണ്ണമായ വായന സാധ്യമാകുന്നു | ♦ വായന ലോകത്തേക്ക് | ♦ ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് ഉച്ചാരണശുദ്ധി വളർത്തുന്നു<br>പൊതുവായ പാഠപുസ്തക വായന നടത്തി മികച്ച വായനക്കാരനെ തിരഞ്ഞെടുക്കുന്നു<br>♦ സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പുകൾ ചർച്ച ചെയ്യുന്നു | ജൂൺ - മാർച്ച് |
| | ♦ വാർത്താ വായന | ♦ പത്രവാർത്തകൾ ക്ലാസിൽ ഉച്ചത്തിൽ വായിക്കുന്നു<br>♦ മികച്ച വായനക്കാർക്ക് അസംബ്ലിയിൽ അവസരങ്ങൾ നൽകുന്നു | മാർച്ച് വരെ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി കുട്ടികളിലെ സർഗ്ഗശേഷി വളർത്തൽ | ♦ സംവാദം<br>♦ മുഖാമുഖം<br>♦ കവിപരിചയം | ♦ സാഹിത്യകാരന്മാരുമായുള്ള സംവാദത്തിനാവശ്യമായ പോയന്റുകൾ തയ്യാറാക്കുന്നു<br>♦ ഗ്രൂപ്പായി തിരിഞ്ഞ് ക്ലാസിൽ വിഷയാടിസ്ഥാനത്തിൽ സംവാദം നടത്തുന്നു<br>♦ പാഠഭാഗവുമായി ബന്ധപ്പെട്ട അഭിമുഖത്തിനാവശ്യമായ ചോദ്യാവലി തയ്യാറാക്കൽ | വർഷത്തിൽ 1 തവണ |
| | ♦ കവി പരിചയം | ♦ ഓരോ പാഠഭാഗത്തിനനുസരിച്ച് എഴുത്തുകാരെ (കവി, കഥാകൃത്ത്) പരിചയപ്പെടുന്നു<br>സ്കൂൾ അസംബ്ലികളിൽ വ്യക്തി പരിചയം നടത്തുന്നു | ആഴ്ചയിൽ 2 തവണ |
| ♦ വ്യവഹാര രൂപങ്ങളോടുള്ള അഭിരുചി വളർത്തിയെടുക്കുന്നു | ♦ സ്കൂൾ മാഗസിൻ | ♦ കുട്ടികളുടെ മികച്ച നിലവാരം പുലർത്തുന്ന വ്യവഹാര രൂപങ്ങൾ ഉൾച്ചേർത്ത സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം |
| | ♦ ചാർട്ട് പ്രദർശനം | ♦ പ്രധാനപ്പെട്ട വ്യവഹാര രൂപങ്ങളെ ക്ലാസ് മുറിയിലെ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു | മാസത്തിൽ 1 തവണ |
| ♦ പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | ♦ രംഗാവിഷ്കാരം | ♦ പാഠഭാഗവുമായി ബന്ധപ്പെട്ട നാടകങ്ങൾ, ദൃശ്യാവിഷ്കാരം, കവിതാലാപനം, അനുഭവക്കുറിപ്പുകൾ എന്നിവ സർഗ്ഗവേളകളിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | ആഴ്ചയിൽ 1 തവണ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. - ഇംഗ്ലീഷ്

# INTRODUCTION

The goal is for the first grader to handle English fluently. The first grader must go from small word to big word. Must be able to read write and speak english fluently. No child should be able to speak english fluently like Malayalam. We have to keep our world language English close to our hearts. The Academic master plan is designed to ensure the above qualities.

# ENGLISH

## Objectives

- Enrich language fluency and vocabulary
- Develop skills in listening, speaking, reading and writing
- Help students to use different discourses in English fluently
- To enable the learners to draft simple fill in forms, letters, prepare reports and compose poems
- To develop a taste for English literature

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| ♦ Enrich langauage fluency and vocabulary | ♦ Reads, comprehends and analyse short stories and poems | ♦ Arrange half an hour once in every week as story time | June |
| ♦ Develop skills in listening, speaking, reading and writing | ♦ Prepares description of places / people / events etc...<br><br>♦ Engage in dictionary activities to enrich vocabulary | ♦ Attempt various written discourses such as short stories, poems, descriptions in connection with different day celebrations in school<br><br>♦ "My Dictionary". Students prepare my dictionary by adding learned words | July |

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| | ♦ Write slogans / letters<br>Prepare placards, posters<br><br>♦ Use various reading activities to ensure reading comprehension | ♦ Learners prepare placards and posters in connection with World Environment Day, Yoga Day, Reading Day, World Anti Drug Day, World Nature Conservation Day and World population Day<br><br>♦ Learners engage in reading activities and thereby develop good articulation and pronunciation skills. | June - July |
| ♦ Develop language skills with the help of stories | ♦ Learners read and analyse short stories and poems | ♦ Learners generate, sequence and write their own stories | August |
| ♦ Thoughts and feelings can be effectively expressed through discourses<br>♦ Get acquainted with poetic devices | ♦ Writes own stories<br>Develops beginnings and endings of stories<br><br>♦ Reads and analyses poems. Get acquainted with rhyme, personification, limerick.<br><br>♦ Engage in discussions and debates | ♦ Learners read stories on freedom fighters as part of Quit India Day and Independance Day<br><br>♦ Learn about poetic devices. Identify various poetic devices like rhyme, personification etc.<br><br>♦ Conducts various discussions and debates on special day celebrations in school. | September |

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| ♦ Learners imbibe moral values<br><br>♦ Understands elements of grammar | ♦ Reads stories, fables biography and auto biography of freedom fighters which impart values and moral principles.<br><br>♦ Get the meanings of phrasal verbs. Analyse the agreement between subject and verb in a sentence. | ♦ Get acquainted with biography, autobiography, memoir, profile.<br>♦ Learners prepare profiles of great freedom fighter on their own<br>♦ Learners test themselves with phrasal verb work sheets and subject verb agreement worksheets. | August - September |
| ♦ Learn how media educates, entertains influences and informs people<br><br>♦ Produces a classroom newspaper | ♦ Learn about the evolution of media<br>♦ Analyse new items to understand the featurel<br>♦ Prepares advertisements.<br>♦ Prepare character ske tches / profiles<br>♦ Analyses various linguistics components | ♦ Engage in news writing for television<br>Prepare television advertisements using appropriate language<br>♦ Prepare profile and character sketch of Gandhiji, Jawaharlal Nehru, C.V. Raman | October - November |
| ♦ Learn the use of simple present and past | ♦ The spelling, pronunciation, morphology and syntax of language are governed by certain rules and regulations | ♦ Edits passages by correcting tense forms | December |

| Learning outcomes | Activities | Activity details | Duration |
|---|---|---|---|
| ♦ Prepare Greeting / Thanks Cards<br><br>♦ Perform a choreography<br>♦ Edit a passage | ♦ Engage in vocabulary and language activities<br><br>♦ Describes small incidents | ♦ Learners Prepare seasons Greeting cards and thanks cards on their own<br><br>♦ Learners Engage in language games such as spelling bee, semtantic mapping to enrich their vocabulary. | January |
| ♦ Read, analyse and perform a skit<br><br>♦ Writes screenplay<br><br>♦ Prepare diary entry<br><br>♦ Prepare a small dictionary | ♦ Learners view, analyse and interprets a film<br><br>♦ Prepares letter, Profile. Screen play and diary<br><br>♦ Edits passages on their own | ♦ Films in the language classroom facilitate the developmnt of artistic and aesthetic impulses<br><br>♦ Learners engage in different language games for developing langauge skills<br><br>♦ Collects homorous stories acecdates from diferent sources | February - March |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. - ഗണിതം

# ആമുഖം

എൽ.പി. ക്ലാസുകളിൽ നിന്ന് ഗണിതത്തിന്റെ അടിസ്ഥാന അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചവരുമാണ് യു.പി. ക്ലാസിലെ കുട്ടികൾ. ആയതിനാൽ അവരിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തന ങ്ങൾക്ക് തണലായാണ് കൂടുതൽ സാധ്യതകൾ ഒരുക്കേണ്ടത്. ഗണിത പഠനത്തിന് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രൂപകല്പനയാണിത്. കുട്ടികളിൽ തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൃത്യമായ പ്ലാനുകൾ മുമ്പോട്ടുവെക്കുന്നു. ഗണതത്തിൽ പിന്നോക്കം നിൽക്കുന്നവരെയും മുൻപന്തിയിൽ എത്തിക്കാൻ ഈ മാസ്റ്റർ പ്ലാൻ സഹായകരമാകും.

# ഗണിതം

## UP

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| ♦ അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | ♦ ഗണിത ശില്പശാല | ♦ കളികളിലൂടെ അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, ഫ്ളാഷ് കാർഡ്, etc...) | ജൂൺ |
| ♦ രസകരമായ ഗണിതശാസ്ത്ര പഠനവും കരകൗശല ശേഷികളുടെ വികാസവും | ♦ ഒറിഗാമി ശില്പശാല | ♦ ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. പ്രദർശനം | ജൂലൈ - ആഗസ്റ്റ് |
| ♦ ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ♦ ഗണിത ലാബ് | ♦ വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വെച്ച് ഗണിത ക്ലാസ്സുകൾ | ആഗസ്റ്റ് |
| ♦ ഗണിതം മധുരമാക്കൽ | ♦ ഗണിതപാർക്ക് | ♦ ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് ഒരുക്കൽ | സെപ്തംബർ |
| ♦ ഗണിതം മധുരമാക്കൽ | ♦ ഗണിത പാർക്ക് | ♦ ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് ഒരുക്കൽ | സെപ്തംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ♦ ഗണിതഗ്രാമം | ♦ ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ തിരഞ്ഞെടുത്ത് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ക്ലാസുകൾ നൽകൽ. ഗണിത പഠനത്തിലെ തന്ത്രങ്ങൾ പകർന്നു നൽകൽ | ഒക്ടോബർ |
| ♦ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ♦ ഐ.ടി. സാധ്യതകളിലൂടെ | ♦ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് വേഗത്തിൽ എത്തിക്കുന്നു. | നവംബർ - ഡിസംബർ |
| ♦ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ♦ ഗണിത ക്ലിനിക്ക് | ♦ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും ഗണിതത്തിൽ മുൻനിരയിലെ കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ജനുവരി |
| ♦ വിവിധ മേഖലകളുടെ വികസനം | ♦ ദിനാചരണം | ♦ ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. ഗണിത ശാസ്ത്രപരമായ ദിവസങ്ങൾ ആചരിക്കുന്നു | ഫെബ്രുവരി |
| ♦ ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുന്നു | ♦ ഗണിത ശാസ്ത്രജ്ഞർ | ♦ ഗണിതത്തിൽ സംഭാവനകൾ നൽകിയ ഇന്ത്യൻ, മറ്റ് ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുന്നു. ക്ലാസ് സമയത്തിൽ ഡോക്യുമെന്ററി പ്രദർശനം | മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. - അടിസ്ഥാന ശാസ്ത്രം

# ആമുഖം

ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും കുട്ടികൾ ശാസ്ത്രത്തെ തിരിച്ചറിയേണ്ടതുണ്ട്. കുട്ടികളുടെ ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുകയും ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുവാൻ കുട്ടികൾ പ്രാപ്തരാകേണ്ടതുണ്ട്. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി കുട്ടികളിലേക്ക് എത്തിക്കേണ്ടതുണ്ട്. വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കുന്ന കാര്യത്തിലും ശ്രദ്ധ വേണ്ടതുണ്ട്.

# അടിസ്ഥാന ശാസ്ത്രം

**UP**

## Objectives

- നൂതന ശാസ്ത്രനേട്ടങ്ങൾ കുട്ടികൾക്ക് പരിചിതമാക്കാൻ
- നിരീക്ഷണങ്ങൾ, പരീക്ഷണങ്ങൾ എന്നിവയിലേർപ്പെടുന്നതിന് കുട്ടികളിൽ താല്പര്യം സൃഷ്ടിക്കുവാൻ
- ശാസ്ത്രപഠനങ്ങൾ എളുപ്പത്തിൽ സ്വായത്തമാക്കുന്നതിനു വേണ്ട പിന്തുണ നൽകൽ
- ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക.

| പഠനനേട്ടം | പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | കാലയളവ് |
|---|---|---|---|
| ♦ ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും അടിസ്ഥാന ശാസ്ത്രത്തെ കണ്ടെത്തുവാനും തിരിച്ചറിയുവാനും | ♦ ശാസ്ത്ര നിഘണ്ടു നിർമ്മാണം<br>ഓരോ വിഷയവുമായി ബന്ധപ്പെടുന്ന ശാസ്ത്രപദങ്ങൾ ക്രോഡീകരിച്ച് അക്കാദമിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ ഓരോ കുട്ടിയും ശാസ്ത്ര നിഘണ്ടു നിർമ്മിക്കൽ, ലഭിക്കുന്ന വിവരങ്ങൾ കൂട്ടിച്ചേർത്ത് നിഘണ്ടു വിപുലീകരിക്കൽ<br>♦ ലോക പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് പ്രകൃതിയെ അറിയാൻ ഒരു യാത്ര. പുഴയെ അറിയാനൊരു യാത്ര. ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം | ♦ ശാസ്ത്രാധ്യാപകർ | ജൂൺ - ജൂലൈ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | കാലയളവ് |
|---|---|---|---|
| ♦ ജ്യോതിശാസ്ത്ര പഠനം, ബഹിരാകാശ ഗവേഷണത്തിന്റെ പ്രാധാന്യം, മനുഷ്യന്റെ ആദ്യ ചാന്ദ്രയാത്രയുടെ പ്രസക്തി എന്നിവ കുട്ടികളെ ഓർമ്മപ്പെടുത്തുവാൻ | ♦ മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയതിന്റെ ഓർമ്മയ്ക്കായി ചാന്ദ്രദിനം ആഘോഷിക്കുന്നു<br>ചാന്ദ്രദിന ക്വിസ് മത്സരം<br>"A Trip to the Moon' സയൻസ് ഫിക്ഷൻ ഫിലിം പ്രദർശനം | ♦ ശാസ്ത്രാധ്യാപകർ | ജൂലൈ |
| ♦ നൂതന ശാസ്ത്രനേട്ടങ്ങൾ, പുതിയ ശാസ്ത്രപദങ്ങൾ ഇവ കുട്ടികൾക്ക് പരിചയപ്പെടാൻ ഒരു അവസരം | ♦ സയൻസ് കണ്ടുപിടുത്തങ്ങൾ, ശാസ്ത്ര സംബന്ധിയായ പത്രകട്ടിംഗുകൾ എന്നിവ ഉൾപ്പെടുത്തി കുട്ടികൾ വിസ്മയ ചുവർ തയ്യാറാക്കുന്നു. വിസ്മയചുവരിലെ കാര്യങ്ങളെ അടിസ്ഥാനമാക്കി ഓരോ മാസവും ക്ലാസ്തല ക്വിസ് മത്സരം കുട്ടികൾ തന്നെ നടത്തുന്നു. | ♦ ശാസ്ത്രാധ്യാപകർ, ക്ലാസ് അധ്യാപകർ | ആഗസ്റ്റ് |
| ♦ ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ♦ വിസ്മയയാത്ര - ICTയുടെ സഹായത്തോടെ ശാസ്ത്രപദങ്ങൾ, വിസ്മയങ്ങൾ, പുതിയ കണ്ടെത്തലുകൾ, ശാസ്ത്രനേട്ടങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം സ്കൂളിൽ നടത്തുന്നു. | ♦ ശാസ്ത്രാധ്യാപകർ | സെപ്തംബർ |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | കാലയളവ് |
|---|---|---|---|
| | ♦ ശാസ്ത്രോത്സവം - ശാസ്ത്രപരീക്ഷണങ്ങൾക്കായി ഒരുക്കിയ ശാസ്ത്രോത്സവം നടത്തുന്നു. കുട്ടികൾക്ക് അനുയോജ്യമായ പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്ത് കൊടുക്കുന്നു. പരീക്ഷണക്കുറിപ്പ് ശേഖരിച്ച് വിലയിരുത്തുന്നു. | ♦ ശാസ്ത്രാധ്യാപകർ, ക്ലാസ് അധ്യാപകർ | ഡിസംബർ |
| ♦ കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തുക. ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ | ♦ ജൈവപച്ചക്കറിത്തോട്ടം നിർമ്മാണം - കാർഷിക സംസ്കൃതിയെക്കുറിച്ചുള്ള അറിവ് കുട്ടികളിൽ വളർത്തുവാനും, കാർഷിക വിളകൾ, അധ്വാനശീലം, സഹകരണ മനോഭാവം ഇവ കുട്ടികളിൽ ഉളവാക്കുവാനും സഹായിക്കുന്നതിന് സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം ഒരുക്കുന്നു. | ♦ ശാസ്ത്രാധ്യാപകർ, ക്ലാസ് അധ്യാപകർ | ജനുവരി |
| ♦ ദേശീയ ശാസ്ത്രദിനാചരണത്തിന്റെ പ്രാധാന്യവും ആവശ്യകതയും കുട്ടികൾ മനസ്സിലാക്കുക. | ♦ ശാസ്ത്ര ദിനാചരണം - ദ്രാവകങ്ങളിലെ പ്രകാശത്തിന്റെ വിസരണവുമായി ബന്ധപ്പെട്ട പ്രതിഭാസം കണ്ടെത്തി വിശദീകരിച്ചത് സി.വി. രാമൻ<br>ഹ്രസ്വ വീഡിയോ പ്രദർശനം (സി.വി. രാമൻ & രാമൻ പ്രഭാവം) | ♦ ശാസ്ത്രാധ്യാപകർ | ഫെബ്രുവരി |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. - സാമൂഹ്യശാസ്ത്രം

# ആമുഖം

വ്യക്തികൾ തമ്മിലും വ്യക്തിയും സമൂഹവും തമ്മിലും. സമൂഹവും പ്രകൃതിയും തമ്മിലും ഉള്ള ബന്ധങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് സാമൂഹ്യശാസ്ത്രപഠനം. സാമൂഹിക പുരോഗതിയെ സ്വാധീനിക്കുന്നു സംഭവങ്ങൾ. ആശയങ്ങൾ, പ്രതിഭാസങ്ങൾ, സ്ഥാപനങ്ങൾ മുതലായവയെക്കുറിച്ചുള്ള പരസ്പരബന്ധിതവും മനുഷ്യകേന്ദ്രിതവുമായ പഠനമാണ് സാമൂഹ്യശാസ്ത്രം. ജനാധിപത്യബോധം, മതനിരപേക്ഷചിന്ത, ദേശീയബോധം, സഹിഷ്ണുത, സഹകരണമനോഭാവം. സംഘബോധം പ്രതികരണശേഷി തുടങ്ങിയ മൂല്യങ്ങൾ വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനം കൊണ്ടു സാധിക്കുന്നു. ശരിയായ സാമൂഹിക കാഴ്ചപ്പാടും. പാരിസ്ഥിതിക അവബോധവും വളർത്തുന്നതിനുള്ള ധാരണകൾ, മൂല്യങ്ങൾ നൈപുണികൾ എന്നിവ ഈ വിഷയത്തിൽ നിന്നും ആർജിച്ചെടുക്കാൻ കഴിയുന്നു.

# സാമൂഹ്യശാസ്ത്രം

**ക്ലാസ്സ്: 5**

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രം രചിക്കുന്നു. | ♦ ചരിത്രം, ചരിത്ര സ്രോതസ്സുകൾ വിദ്യാലയ ചരിത്രം തയ്യാറാക്കൽ | ♦ കുട്ടികളോട് അവരുടെ സ്കൂളിന്റെ ചരിത്രം മുതിർന്നവരുടെ സഹായത്തോടെ കണ്ടെത്താൻ ആവശ്യപ്പെടുന്നു. | ജൂൺ<br>ജൂലൈ |
| ♦ ചരിത്രകാലവും ചരിത്രാതീതകാലവും വേർതിരിക്കുന്നു. | ♦ ചരിത്രകാലവും, ചരിത്രാതീതകാലവും ആയി ബന്ധപ്പെട്ട ചിത്രവായന. | ♦ പേജ് നമ്പർ 10ലെ മനുഷ്യർ ആദ്യകാലത്ത് ഉപയോഗിച്ചിരുന്ന ആയുധങ്ങൾ അവയുടെ ചിത്രം നോക്കി പരിചയപ്പെടുന്നു. വിശകലനം ചെയ്യുന്നു. | ഓഗസ്റ്റ്<br>സെപ്റ്റംബർ |
| ♦ ശിലായുഗ കാലഘട്ടത്തിന്റെ സവിശേഷതകൾ വിശദീകരിക്കുന്നു. | ♦ പ്രാചീന ശിലായുഗം നവീന ശിലായുഗം | ♦ പ്രാചീന മനുഷ്യജീവിതം എന്ന വിഷയ പ്രവേശനം. പ്രാചീന മനുഷ്യനെപ്പറ്റിയുള്ള ധാരണ ഉറപ്പിക്കൽ. ശിലായുഗ ആയുധങ്ങൾ അവയുടെ പ്രത്യേകതകൾ. | ഒക്ടോബർ<br>നവംബർ |

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ ലോകത്തിലെ വെങ്കലയുഗ സംസ്കാരങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു. | ♦ ചിത്രങ്ങളിലൂടെ, ഐ.സി.ടി.യുടെ സഹായത്തോടെയുള്ള പഠനം. വെങ്കലയുഗ ആയുധങ്ങൾ | ♦ വെങ്കലയുഗ സംസ്കാരത്തിലെ പ്രധാനപ്പെട്ട ആയുധങ്ങൾ അവയുടെ പ്രത്യേകതകൾ. ഈ കാലഘട്ടത്തിൽ സംഭവിച്ച ചില പ്രധാന വഴിത്തിരിവുകൾ. നഗരങ്ങളുടെ വികാസത്തിന്റെ കാരണങ്ങൾ. | ഡിസംബർ ജനുവരി |
| | ♦ ഈജിപ്ഷ്യൻ, ചൈനീസ്, ഹാരപ്പൻ സംസ്കാരങ്ങൾ. | ♦ ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ സവിശേഷതകൾ വിശദീകരിക്കുന്നു. ആ കാലഘട്ടത്തിലെ ലിപി പരിചയപ്പെടുന്നു, വിശദീകരിക്കുന്നു. | ഫെബ്രുവരി |
| ♦ സാമൂഹികബന്ധത്തിന്റെ അടിസ്ഥാനവും വ്യക്തിത്വ വികാസത്തിന്റെ പ്രാഥമിക വേദിയും കുടുംബമാണെന്ന് വിശദീകരിക്കുന്നു. | ♦ ചിത്രവായന<br>♦ കുടുംബ വൃക്ഷം തയ്യാറാക്കൽ<br>♦ ചർച്ച | ♦ കുട്ടികളുടെ വ്യക്തിത്വ രൂപീകരണത്തിൽ കുടുംബത്തിന്റെ പ്രാധാന്യം എന്ത് എന്ന ആശയം രൂപപ്പെടുത്തുന്നു.<br>♦ ചാർട്ടിന്റെ സഹായത്തോടെ കുട്ടികൾ അവരുടെ കുടുംബ വൃക്ഷം എന്ന പ്രവർത്തനം ചെയ്യുന്നു. | മാർച്ച് |

# ക്ലാസ്സ്: 6

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ ഇന്ത്യയിലെ ഭൂമിശാസ്ത്ര ഘടകങ്ങൾ വിശദീകരിക്കുന്നു.<br>♦ മധ്യകാല ഇന്ത്യയിലെ പുരോഗതി വിശദമാക്കുന്നു. | ♦ ഭൂപടവായന പട്ടിക തയ്യാറാക്കൽ<br>♦ കുറിപ്പ് തയ്യാറാക്കൽ.<br>♦ വായനാ കുറിപ്പ് | ♦ ഭൂപടവായനയിലൂടെ ഡൽഹിയുടെ ഭൂമിശാസ്ത്ര സവിശേഷതകൾ ഭരണകൂടങ്ങളുടെ വളർച്ചയെ സഹായിച്ചതെങ്ങനെയെന്ന് വിശദീകരിക്കുന്നു.<br>♦ സഞ്ചാരികൾ മധ്യകാല ഇന്ത്യയെക്കുറിച്ച് തന്ന വിവരങ്ങൾ - കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ<br>ജൂലൈ |
| ♦ കേരളത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണ് - വൈവിധ്യം വിശദീകരിക്കുന്നു. | ♦ പാഠഭാഗം - ചർച്ച | ♦ കേരളത്തിന്റെ ഭൂപടമുപയോഗിച്ച് ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണ് എന്നിവയെക്കുറിച്ച് വിശദീകരിക്കുന്നു. | |
| ♦ ഉല്പാദന ഘടകങ്ങൾ അവതരിപ്പിക്കുന്നു. | ♦ ചിത്രനിരീക്ഷണം, വിശകലനം. | ♦ ഉല്പാദനഘടകങ്ങൾ - ഫാക്ടറി സന്ദർശിച്ച് വിശദീകരണം. | സെപ്റ്റംബർ<br>ഒക്ടോബർ |
| ♦ അക്ഷാംശം, രേഖാംശം ഭൂമിയുടെ ഭ്രമണം, പരിക്രമണം - വിശദീകരിക്കുന്നു. | ♦ ലഘു പരീക്ഷണങ്ങൾ,<br>ഗ്ലോബ് നിരീക്ഷണം | ♦ അക്ഷാംശ രേഖാംശരേഖകളുടെ ചിത്രീകരണത്തിലൂടെ വ്യത്യാസം വിശദീകരിക്കുന്നു.<br>ഗ്ലോബിന്റെ സഹായത്തോടെ ഭ്രമണം, പരിക്രമണം വിശദീകരണം. | |

# ക്ലാസ്സ്: 6

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ കാലാവസ്ഥാ മേഖലകൾ പ്രകൃതി വിഭവ-വൈവിധ്യം, താപീയമേഖല ഇവ തരം തിരിക്കുന്നു. വിശദീകരിക്കുന്നു. | ♦ ചിത്രവിശകലനം ഭൂപട നിരീക്ഷണം.<br>♦ പട്ടികപ്പെടുത്തൽ | ♦ വിവിധ കാലാവസ്ഥാ മേഖലകൾ - പ്രകൃതിവിഭവ വൈവിധ്യങ്ങൾ താപീയമേഖല - ICT ഉപയോഗിച്ച് ചർച്ച ചെയ്യുന്നു. | നവംബർ |
| ♦ യൂറോപ്പ്, ചൈന, അറബി രാജ്യങ്ങൾ സാമ്പത്തിക, സാമൂഹിക സാംസ്കാരിക വളർച്ച വിശദീകരിക്കുന്നു. | ♦ ഡയഗ്രം പൂർത്തിയാക്കൽ, ചാർട്ട് തയ്യാറാക്കൽ | ♦ മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ വളർന്നുവന്ന നഗരങ്ങൾ, വളർച്ച - ഇവ ചർച്ച ചെയ്യുന്നു. വിശദീകരിക്കുന്നു. | ഡിസംബർ |
| ♦ കേരളീയകലകൾ തിരിച്ചറിയുന്നു. | ♦ സിനിമാ പ്രദർശനം ഫീൽഡ് ട്രിപ്പ് | ♦ മധ്യകാല കേരള വിവരണം കേരളീയ കലകളെക്കുറിച്ച് വിവരിക്കുന്ന വീഡിയോ കാണിക്കുന്നു. | ജനുവരി മാർച്ച് |
| ♦ ജനാധിപത്യം- ജനാധിപത്യേതര ഗവൺമെന്റ് താരതമ്യപ്പെടുത്തുന്നു.<br>♦ നഗരസമൂഹം സവിശേഷകൾ മനസ്സിലാക്കുന്നു. | ♦ കൊളാഷ് നിർമ്മാണം<br>സംഘചർച്ച | ♦ വിവിധ രാജ്യങ്ങളുടെ ഭരണ സംവിധാനം വിവരിക്കുന്നു.<br>നഗര സന്ദർശനത്തിലൂടെ നഗര സവിശേഷതകൾ വിശദീകരിക്കുന്നു. | |

## ക്ലാസ്സ്: 7

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ നവോത്ഥാനം - ഫലങ്ങൾ വിശദീകരിക്കുന്നു. | ♦ കുറിപ്പ്, ആൽബം തയ്യാറാക്കൽ. | ♦ നവോത്ഥാന ആവിർഭാവത്തിന് വഴിതെളിച്ച സാഹചര്യങ്ങൾ, വിവിധ രംഗങ്ങളിലെ സ്വാധീനം, ശാസ്ത്ര സാങ്കേതികരംഗത്തെ വളർച്ച ഇവ ചർച്ച ചെയ്യുന്നു. | ജൂൺ ആഗസ്റ്റ് |
| ♦ ബ്രിട്ടീഷ് ആധിപത്യം വിലയിരുത്തുന്നു.<br>♦ ഇന്ത്യൻ ദേശീയത രൂപപ്പെടൽ - ഘടകങ്ങൾ - വിലയിരുത്തുന്നു. | ♦ ഭൂപടനിരീക്ഷണം ചർച്ച സെമിനാർ ചോദ്യാവലി | ♦ ഗാന്ധി, മണികർണിക, സിനിമ പ്രദർശനത്തിലൂടെ ദേശീയത രൂപപ്പെടൽ ചർച്ച ചെയ്യുന്നു. | |
| ♦ പൊതുവിതരണ സമ്പ്രദായം - ആവശ്യകത വിലയിരുത്തുന്നു. | ♦ സർവ്വേ | ♦ പൊതുവിതരണകേന്ദ്രം സന്ദർശിച്ച് സർവ്വേ നടത്തുന്നു. | |
| ♦ ഭൂപടങ്ങൾ - പ്രാധാന്യം വിശദീകരിക്കുന്നു. | ♦ ഭൂപട നിർമ്മാണം | ♦ ഭൂപടത്തിലെ ആവശ്യഘടകങ്ങൾ, അക്ഷാംശ രേഖാംശരേഖകൾ, ചിഹ്നങ്ങൾ, അടയാളങ്ങൾ ഇവ ഉൾപ്പെടുത്തി ഭൂപടം നിർമ്മിക്കുന്നു. | സെപ്റ്റംബർ ഡിസംബർ |
| ♦ ജൈവമണ്ഡലം - സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തുന്നു. | ♦ പ്രോജക്ട്-ശുദ്ധജല മലിനീകരണവും ജലമലിനീകരണവും പരിഹാരമാർഗങ്ങളും | ♦ ജൈവമണ്ഡലത്തിന്റെ സാന്നിദ്ധ്യവും, സവിശേഷതകളും ഉപയോഗിച്ച് വിശദീകരിക്കുന്നു. | |

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ കേരളത്തിലെ ദുരാചാരങ്ങൾ - പ്രതികരിക്കുന്നു. | ♦ സംവാദിച്ച | ♦ കേരളത്തിൽ നിലനിന്ന ആചാരങ്ങൾ അതിനെതിരെ പ്രവർത്തിച്ചവർ - ഇവ ചർച്ച ചെയ്യുന്നു. | |
| ♦ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിയൻ സമരരീതികളുടെ സ്വാധീനം, പ്രത്യേകത ഇവ വിശകലനം ചെയ്യുന്നു.<br>♦ ഭരണഘടന - ആശയം രൂപപ്പെടൽ, സവിശേഷതകൾ - വ്യക്തമാക്കുന്നു. | ♦ വർക്ക് ഷീറ്റ് കൊളാഷ് പട്ടിക, അവതരണം<br>♦ പത്രവാർത്ത വിശകലനം | ♦ ഗാന്ധിയൻ കാലഘട്ടത്തിലെ - സ്വാതന്ത്ര്യസമരരീതികൾ ചർച്ച ചെയ്യുന്നു.<br>♦ ഭരണഘടനയുടെ ആശയം രൂപപ്പെടൽ, സവിശേഷത - ഇവ ചർച്ച ചെയ്യുന്നു. | ജനുവരി<br>മാർച്ച് |
| ♦ അന്തരീക്ഷം - കാലാവസ്ഥ, ദിനാന്തരീക്ഷ സ്ഥിതി, ഇവ വിശദീകരിക്കുന്നു. ഊഷ്മാവ്, വായു, മർദ്ദം, ഇവ തമ്മിലുള്ള ബന്ധം - ചിത്രീകരിക്കുന്നു. | ♦ ഉപകരണങ്ങൾ പരിചയപ്പെടൽ നിരീക്ഷണം.<br>♦ ചിത്രവിശകലനം<br>♦ ആകാശനിരീക്ഷണം | ♦ ഉഷ്ണമാപിനി ഉപയോഗിച്ച് താപം അളന്ന് രേഖപ്പെടുത്തൽ. മർദ്ദമാപിനി, വിൻഡ്‌വെയ്ൻ, അനിമോമീറ്റർ എന്നീ ഉപകരണങ്ങൾ പരിചയപ്പെടൽ.<br>ജലം ചൂടാകുമ്പോൾ നീരാവിയാകുന്ന പ്രക്രിയ നിരീക്ഷിക്കൽ.<br>മേഘം, മൂടൽമഞ്ഞ്, തുഷാരം എന്നിവയുടെ ചിത്രങ്ങൾ വിശകലനം ചെയ്യുന്നു. | ഫെബ്രുവരി<br>മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. - ഹിന്ദി

# ആമുഖം

2023-24 അധ്യയന വർഷത്തിൽ 5 മുതൽ 7 വരെയുള്ള ക്ലാസുകളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്ന ഒപ്പം പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരുടെ ഹിന്ദി ഭാഷയുടെ പഠന മേഖലകളിലുള്ള വിടവുകൾ നികത്തുകയും, ഹിന്ദി ഭാഷ പരിജ്ഞാനത്തിന്റെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പഠനപ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം  വെയ്ക്കുന്നത്. കേവലം ഭാഷ ആർജിക്കുക എന്നതിലുപരി ഏറ്റവും ലളിതമായ രീതിയിൽ ഭാഷ കൈകാര്യം ചെയ്യാൻ അധ്യാപകരുടെ ഒപ്പം മാതാപിതാക്കളുടെ പിൻതുണ കൂടി ചേർത്തു വെച്ചുകൊണ്ടാണ് പഠന പ്രവർത്തനങ്ങളെ ക്രമീകരിച്ചിരിക്കുന്നത്.

# സാമൂഹ്യശാസ്ത്രം

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ എല്ലാ വിദ്യാർത്ഥികളും ഹിന്ദി വായിക്കുന്നു. | ♦ ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ.<br>♦ കൈമാറ്റ വായന | ♦ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>♦ പുസ്തകങ്ങൾ കൈമാറി വായിക്കാനുള്ള അവസരം | ജൂൺ<br>ഓഗസ്റ്റ് |
| | ♦ വായനാ കാർഡ് | ♦ അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കുന്നതിനായി വലിയ അക്ഷരങ്ങളോടു കൂടിയ കാർഡുകൾ നൽകുന്നു.<br>♦ ലളിതമായ ചിത്രങ്ങളുൾപ്പെട്ട കഥ, കവിത, ചിത്ര കഥ, പോസ്റ്റർ ഉൾപ്പെടുന്ന വായനാ കാർഡുകൾ നൽകുന്നു.<br>♦ പഴങ്ങൾ, പച്ചക്കറികൾ, പക്ഷി മൃഗാദികൾ, വൃക്ഷങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ഉൾപ്പെടുത്തുന്നു. | ജൂൺ<br>സെപ്റ്റംബർ |
| | ♦ പുസ്തക വായന | ♦ പാഠ ഭാഗങ്ങളുടെ തലക്കെട്ട് വായന<br>♦ പ്രതിജ്ഞ, ദേശീയ ഗാനം, കവി, കഥാകൃത്ത് പരിചയ വായന (പുസ്തകത്തിലെ)<br>♦ പാഠഭാഗം കൃത്യമായി വായിക്കുന്നതിനുള്ള അവസരം | ഒക്ടോബർ<br>നവംബർ |

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| | ♦ ചങ്ങല വാക്യങ്ങൾ | ♦ കുട്ടികളെ വൃത്തത്തിൽ നിർത്തി ഒരു കുട്ടി ഒരു വാക്ക് പറയുന്നു (कौआ) അടുത്തയാൾ അവസാന അക്ഷരത്തിൽ തുടങ്ങുന്ന വാക്ക് പറയുന്നു. (आगरा) | 2 ആഴ്ച |
| ♦ എല്ലാ കുട്ടികളും അക്ഷരതെറ്റില്ലാതെ എഴുതുന്നു.<br>ചിഹ്നങ്ങൾ കൃത്യമായി എഴുതുന്നു. | ♦ കോപ്പി ബുക്ക് | ♦ 5-ാം ക്ലാസുകളിൽ അക്ഷരങ്ങൾ എഴുതുന്നു.<br>♦ 6, 7 ക്ലാസുകളിൽ പുസ്തകത്തിലെ ഒരു ഭാഗം എഴുതുന്നു. | ഡിസംബർ വരെ |
| | ♦ ചുമർ പത്രിക | ♦ പാഠഭാഗത്തിനോടനുബന്ധിച്ച് ശേഖരിച്ച വിവരങ്ങളും ചിത്രങ്ങളും ഉൾച്ചേർത്ത ചുമർപത്രിക കുട്ടികൾ ഗ്രൂപ്പുകളായി നിർമ്മിക്കുന്നു. | ജൂൺ<br>ജനുവരി |
| | ♦ കയ്യെഴുത്ത് മാസിക | ♦ കുട്ടികളുടെ കഥകളും, കവിതകളും, പോസ്റ്റർ, പ്ലക്കാർഡ്, ചിത്രരചനകൾ ഉൾച്ചേർത്ത മാസിക. | ജൂൺ<br>ജനുവരി |

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| | ♦ കൈയെഴുത്ത് | ♦ പാഠഭാഗത്തെ ആസ്പദമാക്കി നൽകുന്ന വാക്യങ്ങളും അവയുടെ അർത്ഥങ്ങളും എഴുതിക്കുന്നു. | ജൂൺ<br>മാർച്ച് |
| ♦ ഹിന്ദി ആസ്വാദനം സാധ്യമാക്കുന്നു. | ♦ ആസ്വാദന ടിപ്പണി<br>♦ സർഗവേള | ♦ (കവിത) പാഠഭാഗത്തെക്കുറിച്ചുള്ള ആസ്വാദന കുറിപ്പുകൾ തയ്യാറാക്കുന്നു.<br>♦ കുട്ടികൾ ഹിന്ദി ഭാഷയിൽ കഥകളും കവിതകൾ, ഡാൻസ്, സ്കിറ്റ് എന്നിവ അവതരിപ്പിക്കുന്നു. | മാർച്ച് വരെ<br>മാസത്തിൽ 2 തവണ |
| ♦ ഹിന്ദി ഭാഷയിൽ നിർദ്ദേശങ്ങൾ സ്വീകരിച്ച് അനുസരിക്കുന്നു. | ♦ ഹിന്ദി അസംബ്ലി | ♦ ഗ്രൂപ്പടിസ്ഥാനത്തിൽ അസംബ്ലി നടത്തുന്നു.<br>♦ പ്രാർത്ഥന, പ്രതിജ്ഞ, വാർത്ത, ചിന്താ വിഷയം, ദേശീയ ഗാനം, ആസ്വാദന കുറിപ്പ് | മാസത്തിൽ 2 തവണ |
| ♦ സ്വന്തം കഴിവുകളെ മറ്റൊരു ഭാഷയിലൂടെ അവതരിപ്പിക്കുന്നു. | ♦ ഹിന്ദി മത്സരങ്ങൾ | ♦ ദിനാചരണത്തോടനുബന്ധിച്ച് മത്സരങ്ങൾ നടത്തുന്നു.<br>♦ കലാമേളകളുടെ അവസരത്തിൽ ഹിന്ദി പ്രസംഗം, കവിത, കഥ, നാടകം എന്നിവയ്ക്ക് അവസരം ഒരുക്കുന്നു. | 2 മാസത്തിൽ ഒരിക്കൽ |

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ♦ ദിനാചരണങ്ങളുടെ മഹത്വവും പ്രാധാന്യവും തിരിച്ചറിയുന്നു. | ♦ ദിനാചരണങ്ങൾ | ♦ ഹിന്ദി ദിനം, പ്രേംചന്ദ് ദിനം, ശിശുദിനം, പരിസ്ഥിതി ദിനം, സ്വാതന്ത്ര്യദിനം എന്നീ ദിവസങ്ങളിൽ ഹിന്ദിയിൽ പോസ്റ്റർ, പ്ലക്കാർഡ്, മുദ്രാഗീതം ഇവ തയ്യാറാക്കുന്നു.<br>♦ മത്സര ഇനങ്ങൾ ഹിന്ദി മാധ്യമത്തിൽ നടത്തുന്നു. | |
| ♦ ഭാഷയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ♦ ഹിന്ദി ക്ലബ് | ♦ ദിനാചരണങ്ങൾക്ക് നേതൃത്വം നൽകുന്നു.<br>♦ യു.പി തലത്തിലെ മുഴുവൻ കുട്ടികളെയും ഉൾച്ചേർക്കുന്നു. ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>♦ അസംബ്ലി വിലയിരുത്തുന്നു. | മാസത്തിൽ ഒന്ന് |
| ♦ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള ഭാഷാ പഠനം | ♦ ICT | ♦ പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം.<br>♦ സാഹിത്യകാരന്മാരെ പരിചയപ്പെടൽ.<br>♦ ഭാഷ സുഗമമാക്കുന്നതിനായുള്ള ടെലിഫിലിമുകളുടെ പ്രദർശനം. | |